VOL NO: 04 | ISSUE 06
www.nerpatham.com
mail@nerpatham.com

# നേർപഥം

2020 FEBRUARY 08 | ₹12

വാരിക



## ഫാഷിസം: ചരിത്രം ആവർത്തിക്കുന്നുവോ?

സ്വേച്ഛാധിപത്യത്തിന്റെയും കിരാത ഭരണത്തിന്റെയും പര്യായപദമെന്ന് വിശേഷിപ്പിക്കാവുന്ന വംശീയ ഉന്മൂലന അജണ്ടയാണ് ഇറ്റലിയിൽ രൂപം കൊണ്ട ഫാഷിസം. മുസോളിനിയിലൂടെ തുടക്കം കുറിച്ച ഈ ദുഷ്ചിന്തക്ക് പിന്നീട് പല തുടർച്ചകളുമുണ്ടായി. അതിന്റെ വർത്തമാനകാല മുഖമാണ് ഇന്ത്യയിൽ നടന്നു വരുന്ന സംഘ്പരിവാർ ഭരണമെന്ന് പുതിയ സംഭവവികാസങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു.

**ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലണം ജനപ്രതിനിധികൾ**

**സ്വൂഫികളും വിശ്വാസ വ്യതിയാനവും**

**സൗമ്യത സൗന്ദര്യമാണ്**

## നിർഭയത്വം നിരാകുലത ആത്മ സമർപ്പണം

ഭൗതിക ജീവിതത്തിൽ സുഖവും സമാധാനവും കൊതിക്കുന്നവനാണ് മനുഷ്യൻ. അല്ലലും അലട്ടലുമില്ലാത്ത ജീവിതത്തിനായി നെട്ടോട്ടമോടുന്ന തിരക്കിലാണ് അവൻ. അതിനിടയിൽ വരുന്ന പരീക്ഷണങ്ങളെ പക്വമായും പ്രതീക്ഷയോടെയും നേരിടുന്നവനാണ് യഥാർഥ വിശ്വാസി.

GREEN VALLEY
PUBLIC SCHOOL

Affiliated to CBSE : 930857
Green Valley Campus,
Nellikkapramba, Mukkam
Kozhikode dt, Pin : 673602
Tel : 9061716600



# GREEN HOME

## Residential Campus For Boys

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

Affiliated to **CBSE, New Delhi**, the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green home residential program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

## Special features included

01 Curriculum focusing on quran, belief system, jurisprudence and Islamic history

02 Guidelines prepared by panel experts in the field of Islamic education

03 Quran memorizing with tajweed

04 Communicative Arabic and English

**Registration open for grade 5-8
(boys only )**

+91 9061716600
greenvalleyinstitutions@gmail.com

/greenvalleycampus

**GREEN VALLEY PUBLIC SCHOOL**
ADMISSION STARTED
[2020-2021]

**LKG to VIII
STANDARD**

നേർപഥം
വാരിക

0160 / 2020 ഫെബ്രുവരി 08 / 1441 ജുമാദൽ ആഖിറ 09
പുസ്തകം 04 / ലക്കം 06



# ഫാഷിസം: ചരിത്രം ആവർത്തിക്കുന്നുവോ?

ഡോ.സബീൽ പട്ടാമ്പി / 10

**മുഖമൊഴി**

ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലണം ജനപ്രതിനിധികൾ / 05
എഡിറ്റർ

**ലേഖനം**

നിർഭയത്വം, നിരാകുലത, ആത്മസമർപ്പണം / 06
മൂസ സ്വലാഹി, കാര

കഥകഴിഞ്ഞ രണ്ടു കഥകൾ / 18
എ.എം.എസ് മൊറയൂർ

ഇത് പരാജയ ഹേതുവാണ് / 20
റിയാസ് സ്വലാഹി തളിപ്പറമ്പ്

നിസ്വാർഥത / 28
അബ്ദുൽ ജബ്ബാർ മദീനി

തേൻമൊഴി 150ന്റെ നിറവിൽ / 31
അർഷദ് അൽ ഹികമി

**വിവർത്തനം**

സ്വൂഫികളും വിശ്വാസ വ്യതിയാനവും / 14
ശൈഖ് സഅദ് ബിൻ നാസർ അശ്ശത്‌രി

**ഹദീസ് പാഠം**

സൗമ്യത സൗന്ദര്യമാണ് / 22
അബൂ ഫായിദ

**കഥ**

വിപ്ലവത്തിന്റെ കിനാവ് / 24
ആശിക്ക് മുഹമ്മദ് ലബ്ബ, എരുമേലി

**ക്വുർആൻ പാഠം**

നല്ലത് പറയുക / 26
സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി

**ക്വുർആൻ ദർശനം**

മുൽക് (ആധിപത്യം), ഭാഗം: 3 / 32
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**ഗാനം**

ഐക്യകാഹളം / 34
ഉസ്മാൻ പാലക്കാഴി

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു




## കാക്കക്കൂട്ടിൽ കല്ലെറിയും മുമ്പ്

കാക്ക! വീടിന് ചുറ്റും വട്ടമിട്ട് പറക്കുന്ന നിരുപദ്രവകാരിയായ ഒരു പാവം പക്ഷി. മറ്റുള്ളവർക്ക് വേണ്ടി പരിസരം വൃത്തിയാക്കുന്ന പണിയാണ് യഥാർഥത്തിൽ കാക്ക ചെയ്യുന്നത്. ഹൈന്ദവ വിശ്വാസികളെ സംബന്ധിച്ചാണെങ്കിൽ കാക്കയ്ക്ക് മറ്റൊരു പ്രത്യേകത കൂടിയുണ്ട്. അവരുടെ വിശ്വാസ പ്രകാരം ശ്രാദ്ധങ്ങളിലും മരണാനന്തര ചടങ്ങുകളിലും പിതൃക്കൾക്കായി അർപ്പിക്കുന്ന ബലിച്ചോറ് അവർക്കായി കൊണ്ടെത്തിക്കുന്നത് കാക്കകൾ ആണ്. അതിനാൽ ബലിച്ചോർ ഭക്ഷിക്കാനെത്തുന്ന കാക്കകൾ ബലിക്കാക്കകൾ എന്നറിയപ്പെടുന്നു. ഇത്തരം സന്ദർഭങ്ങളിൽ കാക്കകൾക്ക് ദിവ്യ പരിവേഷം ലഭിക്കുന്നു!

ഏതാനും ദിവസമായി 'കാക്ക'യാണ് നാട്ടിലെ വലിയ ചർച്ചാവിഷയം. പക്ഷേ, ഈ കാക്ക ആ കാക്കയല്ല. ഇത് തലേക്കെട്ടും താടിയുമുള്ള, അറബിപ്പേരുള്ള, പള്ളിയിൽ പോകുന്ന പ്രത്യേകതരം കാക്കയാണ്. ഹിന്ദു പെണ്ണുങ്ങൾ നെറ്റിയിൽ സിന്ദൂരം തൊടുന്നത് അവരുടെ പെൺമക്കളെ ഈ കാക്ക കൊത്തിക്കൊണ്ട് പോകാതിരിക്കാനാണെന്ന് എറണാകുളം പാവക്കുളത്തെ ഒരു 'കുലസ്ത്രീ' മറ്റൊരു സ്ത്രീയോട് വിളിച്ചു പറഞ്ഞതോടെയാണ് നാടാകെ കാക്കമയമാകുന്നത്!

സത്യത്തിൽ ഈ കാക്കകൾ മറ്റുള്ളവരുടെ, പ്രത്യേകിച്ച് ഹിന്ദു കുലസ്ത്രീകളുടെ കുഞ്ഞുങ്ങളെ കൊത്തിക്കൊണ്ട് പോകുന്ന ക്രൂരന്മാരാണോ? 'കാക്കമത'ത്തിൽ അതിനവർക്ക് അനുവാദമുണ്ടോ? ഒന്ന് പഠിക്കുന്നത് നല്ലതാണ്. സ്വന്തം വർഗത്തിൽ പെട്ട പെൺകാക്കക്കുഞ്ഞുങ്ങളെ പോലും കൊത്തിക്കൊണ്ട് പോകൽ നരകം വിലയ്ക്ക് വാങ്ങുന്ന പണിയാണെന്നാണ് 'കാക്കക്കൂട്ട'ത്തിൽ പെട്ട ഞങ്ങളൊക്കെ പഠിച്ച് വച്ചിട്ടുള്ളത്. എന്നിട്ടല്ലേ മറ്റുള്ളവരെ കൊത്തിക്കൊണ്ട് പോകൽ! നരകവും പരലോകവുമൊക്കെ പേടിച്ചിട്ടാണ് അവർ അതിൽനിന്നെല്ലാം വിട്ടുനിൽക്കുന്നത്.

അപ്പോ പിന്നെ അവിടെയുമിവിടെയും ചില കാക്കകൾ ഞങ്ങളുടെ കൂട്ടിൽ കയറി കുഞ്ഞുങ്ങളെ തട്ടിയെടുത്തതോ എന്ന് ചോദിച്ചേക്കാം. ശരിയാണ്. അത് എല്ലാ കൂട്ടത്തിലും തിരിച്ചും മറിച്ചും നടക്കുന്നുണ്ട്. എത്ര കാക്കക്കുഞ്ഞുങ്ങളെയാണ് കുറിവച്ച പ്രാപ്പിടിയനും പരുന്തും റാഞ്ചിക്കൊണ്ട് പോകുന്നത്. അതൊക്കെ ഈ തലമുറയുടെ ഒരുതരം ജനറേഷൻ പ്രശ്നങ്ങളാണെന്ന് എല്ലാവരും കൂട്ടിയാൽ മതി. കാക്കക്കൂട്ടിൽ കുയിൽ മുട്ടയിടുന്ന പോലെ. പൊതുവെ ഈ കാക്കകൾ നല്ലവരാ... ആർക്കും എന്തെങ്കിലും പ്രശ്നം വന്നാൽ ജാതിയും മതവുമൊന്നും നോക്കാതെ അതുങ്ങൾ ഓടിവരും. വിശക്കുന്നവന്റെ വിശപ്പും രോഗിയുടെ ചികിത്സയും പാവപ്പെട്ടവരുടെ കല്യാണവും വീടില്ലാത്തവരുടെ വീടുമൊക്കെ ഈ കാക്കകൾ ജാതിയും മതവുമൊന്നും നോക്കാതെ ഏറ്റെടുത്ത് പരിഹാരം കാണും. അതുകൊണ്ട് തന്നെയാണ് ഈ കാക്കകൾ വർഗീയതയില്ലാത്ത ഹിന്ദുസഹോദരങ്ങൾക്ക് പ്രിയപ്പെട്ടവരാകുന്നതും.

**-ഹാഷിം കാക്കയങ്ങാട്**

### ഭരണഘടനാമൂല്യങ്ങളുടെ സംരക്ഷണത്തിന് വിദ്യാർഥികൾ മുന്നിട്ടിറങ്ങണം: വിസ്ഡം സ്റ്റുഡന്റ്സ്

പെരിന്തൽമണ്ണ: ഭരണഘടന മുന്നോട്ട് വെക്കുന്ന സ്വാതന്ത്ര്യം, തുല്യത, ജനാധിപത്യം, മതനിരപേക്ഷത പോലെയുള്ള മൂല്യങ്ങൾ കേവല അക്ഷരങ്ങളിൽ ഒതുങ്ങുന്നതല്ലെന്നും പതിറ്റാണ്ടുകൾ നീണ്ട സഹവർത്തിത്വത്തിന്റെ പാരമ്പര്യത്തിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണെന്നും അവ സംരക്ഷിക്കേണ്ടത് വിദ്യാർഥി സമൂഹത്തിന്റെ കൂടി കടമയാണെന്നും വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സംസ്ഥാന എക്സിക്യൂട്ടീവ് മീറ്റ് അഭിപ്രായപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് സംഗമം ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി മുഖ്യ പ്രഭാഷണം നിർവഹിച്ചു. വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന പ്രസിഡന്റ് അർഷദ് അൽഹികമി താനൂർ അധ്യക്ഷത വഹിച്ചു. പഠന സെഷനുകളിൽ നൂറുദ്ദീൻ സ്വലാഹി, അജ്മൽ സി, അബ്ദുല്ല ബാസിൽ സി.പി, ഫൈസൽ അൽഹികമി എന്നിവർ സംസാരിച്ചു.

മുഖമൊഴി

# ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലണം ജനപ്രതിനിധികൾ

> ചില ദിനങ്ങൾ ചിലർക്ക്
> മധുരപലഹാരത്തിന്റെയും
> പായസത്തിന്റെയും വർണങ്ങളുടെയും
> ആഘോഷത്തിന്റെയുമാണ്
> മറ്റുചിലർക്കത്
> വിശപ്പിനെതിരെയുള്ള
> പോരാട്ടത്തിന്റെയും

ചാന്ദ്രദൗത്യവും ചൊവ്വ പര്യവേഷണവുമൊക്കെയായി ശാസ്ത്രരംഗത്ത് നമ്മുടെ രാജ്യം മുന്നേറുകയാണ്. എത്ര കോടി രൂപയും അതിനുവേണ്ടി ചെലവഴിക്കാൻ ഭരണകൂടം തയ്യാറുമാണ്. പഠനവും ഗവേഷണവും നല്ലതു തന്നെ. എന്നാൽ രാജ്യത്തെ പട്ടിണികിടക്കുന്ന കോടിക്കണക്കിനു ദരിദ്രരുടെ പട്ടിണി മാറ്റുക എന്നതല്ലേ ഭരണകൂടത്തിന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്തം? ദരിദ്രരുടെ ദാരിദ്ര്യം ഒന്നുകൂടി വർധിക്കുവാൻ സഹായിക്കുന്ന കോടികൾ ചെലവിടുന്ന പ്രതിമ നിർമാണം കൊണ്ട് എന്ത് നേട്ടമാണ് പൗരന്മാർക്കുള്ളത്? പ്രജകളുടെ ഭക്ഷണം, വസ്ത്രം, പാർപ്പിടം, ചികിത്സ, പഠനം, തൊഴിൽ, നിർഭയജീവിതം... തുടങ്ങിയ അടിസ്ഥാന കാര്യങ്ങളിൽ ശ്രദ്ധ ചെലുത്താത്ത ഭരണാധികാരികൾ അവരെ ഭരണത്തിലേറ്റിയ പൗരന്മാരെ വഞ്ചിക്കുകയല്ലേ യഥാർഥത്തിൽ ചെയ്യുന്നത്?

ഒരു ജനാധിപത്യ രാജ്യത്തിൽ ഭരണാധികാരികളല്ല ഭരണീയരാണ് വിഐപികൾ. കാരണം അവരുടെ വോട്ടുകൊണ്ടാണ് ഭരണാധികാരികൾ ആ സ്ഥാനത്തെത്തിയത്. അവർ ജനപ്രതിനിധികൾ മാത്രമാണ്. അഥവാ ജനങ്ങൾ അവരെ അവരുടെ പ്രതിനിധികളായി തെരഞ്ഞെടുത്തിരിക്കുന്നു. എം.എൽ.എ, എംപി, മന്ത്രി തുടങ്ങി പഞ്ചായത്ത് മെമ്പർ വരെയുള്ള സ്ഥാനങ്ങൾ യഥാർഥത്തിൽ ഉയർന്ന വരുമാനവും മറ്റനേകം നേട്ടങ്ങളും ഉദാരമായി അനുഭവിക്കുന്ന ജോലി തന്നെയാണ്. അവർക്ക് ആ ജോലി നൽകിയത് ആരാണ്? വോട്ടർമാർതന്നെ! അപ്പോൾ ആര് ആരോടാണ് കൂടുതൽ വിധേയത്വമുള്ളവരാകേണ്ടത്? ആര് ആരെയാണ് ബഹുമാനിക്കേണ്ടത്? ആര് ആർക്കാണ് സഹായങ്ങൾ ചെയ്തുകൊടുക്കേണ്ടത്? ജനപ്രതിനിധികളും മന്ത്രിമാരും ജനങ്ങൾക്ക് 'സേവനം' ചെയ്യുന്നവരാണോ? കൃത്യമായി ശമ്പളവും ഉയർന്ന ആനുകൂല്യങ്ങളും കൈപ്പറ്റുന്നവർ, സർക്കാർ ചെലവിൽ (പൊതുജനങ്ങളുടെ നികുതിപ്പണം കൊണ്ട്) വിദേശയാത്രകളും ചികിത്സയും നടത്തുന്നവർ എങ്ങനെയാണ് 'സേവകർ' എന്ന വിശേഷണം അർഹിക്കുന്നത്?

ജനങ്ങൾ നേടിക്കൊടുത്ത സ്ഥാനംകൊണ്ട് സസുഖം വാഴുന്നവരെ കാണുമ്പോൾ ജനങ്ങൾ ഓച്ഛാനിച്ചു നിൽക്കണം! പൊലീസ് അകമ്പടിയോടെ കൊടിവച്ച കാറിൽ അവർ പറക്കുമ്പോൾ ജനങ്ങൾ അവർക്ക് വഴിമാറി കൊടുത്തേ തീരൂ! ജനങ്ങൾക്ക് തങ്ങളുടെ പ്രയാസങ്ങൾ അവതരിപ്പിക്കാൻ അവരെ കാണണമെങ്കിൽ ഏറെ കടമ്പകളുണ്ട്. വോട്ട് ചോദിച്ചുവരുമ്പോൾ നമ്മളൊക്കെ ഒന്നാണെന്ന് പറയുകയും വീടിന്റെ തിണ്ണയിൽ കേറിയിരിക്കുകയും കുഞ്ഞിന്റെ മൂക്കള തുടച്ചുകൊടുക്കുകയുമൊക്കെ ചെയ്യുന്നവർ ജയിച്ചുകയറിയാൽ പിന്നെ സ്വയം പ്രഖ്യാപിത ഉന്നതൻമാരും ജനങ്ങൾ രണ്ടാംതരക്കാരുമായി മാറുന്നു. ജനങ്ങളുടെ കാശുകൊണ്ട് ഒരു ബസ്സ്റ്റോപ്പ്, അല്ലെങ്കിൽ നഗരത്തിൽ ഒരു മെർക്കുറി ബൾബ് സ്ഥാപിച്ചാൽ പോലും ജനപ്രതിനിധി സ്വന്തം കീശയിൽനിന്ന് കാശെടുത്ത് ചെയ്തതു പോലുള്ള പബ്ലിസിറ്റി നൽകുന്നു.

മാറണം ഈ അവസ്ഥ. ജനപ്രതിനിധികൾ ജനങ്ങളുടെ ന്യായമായ ആവശ്യങ്ങളും അവകാശങ്ങളും നേടിക്കൊടുക്കുകതന്നെ വേണം. അതിനായി പരിശ്രമിക്കണം. അവർ ജനങ്ങൾക്ക് അപ്രാപ്യരായിക്കൂടാ. ചില്ലുമേടയിലിരുന്ന് ജനങ്ങളുടെ പ്രയാസം കണ്ട് വീണവായിക്കുകയല്ല; പുൽക്കുടിലുകളിലേക്ക് ഇറങ്ങിച്ചെന്ന് അവരെ നെഞ്ചോടുചേർക്കുകയാണ് ആത്മാർഥതയുള്ള ഭരണാധികാരികൾ ചെയ്യേണ്ടത്.

മൂസ സ്വലാഹി, കാര
moosakara001@gmail.com

ലേഖനം



# നിർഭയത്വം നിരാകുലത ആത്മ സമർപ്പണം

ഭൗതിക ജീവിതത്തിൽ സുഖവും സമാധാനവും കൊതിക്കുന്നവനാണ് മനുഷ്യൻ. അല്ലലും അലട്ടലുമില്ലാത്ത ജീവിതത്തിനായി നെട്ടോട്ടമോടുന്ന തിരക്കിലാണ് അവൻ. ആത്യന്തിക ലക്ഷ്യത്തെ വിസ്മരിക്കും വിധമാണ് പലരുടെയും പ്രവർത്തനങ്ങൾ. എന്നാൽ ഇസ്‌ലാം പഠിപ്പിക്കുന്നത് അസ്ഥിരമായ എല്ലാ അനുഗ്രഹങ്ങളും വെടിഞ്ഞ് അനന്തമായ ലോകത്തേക്കുള്ള ഒരുക്കമാണ് ഏറ്റവും മുഖ്യം എന്നാണ്. അല്ലാഹു പറയുന്നു:

“ഭാര്യമാർ, പുത്രൻമാർ, കൂമ്പാരമായിക്കൂട്ടിയ സ്വർണം, വെള്ളി, മേത്തരം കുതിരകൾ, നാൽകാലി വർഗങ്ങൾ, കൃഷിയിടം എന്നിങ്ങനെ ഇഷ്ടപെട്ട വസ്തുക്കളോടുള്ള പ്രേമം മനുഷ്യർക്ക് അലങ്കാരമായി തോന്നിക്കപ്പെട്ടിരിക്കുന്നു. അതൊക്കെ ഇഹലോകജീവിതത്തിലെ വിഭവങ്ങളാകുന്നു. അല്ലാഹുവിന്റെ അടുക്കലാകുന്നു (മനുഷ്യർക്ക്) ചെന്നുചേരാനുള്ള ഉത്തമ സങ്കേതം” (ക്വുർആൻ 3:14).

നിർഭയത്വപൂർണമായ ജീവിതമാണ് എല്ലാവരും ആശിക്കുന്നത്. ചിട്ടയായ ജീവിതത്തിന് ഇത് അനിവാര്യവുമാണ്. ഭയം തളംകെട്ടി നിൽക്കുന്നിടത്തു നിന്ന് അസ്വസ്ഥതയും നിരാശയും വിട്ടൊഴിയുകയില്ല. പലരെയും അനാവശ്യമായി നാം പേടിക്കുന്നത് മൂലം അല്ലാഹുവിനെ ധിക്കരിക്കലും അനുസരണകേട് കാണിക്കലുമാണ് അനന്തരഫലമായി പ്രകടമാകുന്നത്. എന്നാൽ അല്ലാഹുവിന്റെ കൽപനകളെ ശിരസ്സാവഹിക്കാതിരിക്കുന്നതിലാണ് യഥാർഥത്തിൽ ഭയമുണ്ടാകേണ്ടത്. ഇത് മുഖേനയാണ് നിഷിദ്ധങ്ങളിൽ നിന്ന് അകന്നു ജീവിക്കുവാൻ നമുക്ക് സാധിക്കുക.

അല്ലാഹു പറയുന്നു: "അത് (നിങ്ങളെ പേടിപ്പിക്കാൻ ശ്രമിച്ചത്) പിശാചു മാത്രമാകുന്നു. അവൻ തന്റെ മിത്രങ്ങളെപ്പറ്റി (നിങ്ങളെ) പേടിപ്പെടുത്തുകയാണ്. അതിനാൽ നിങ്ങളവരെ ഭയപ്പെടാതെ എന്നെ ഭയപ്പെടുക: നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ" (ക്വുർആൻ 3:175).

ശിർക്കും സത്യനിഷേധവും സന്ദേഹവുമില്ലാതെ വിശ്വാസത്തെ രൂഢമൂലമാക്കിയവർക്കാണ് ഇരു ലോകത്തും നിർഭയത്വവും നിലനിൽപും ലഭിക്കുക. അല്ലാഹു പറയുന്നു: "നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയത് പോലെ തന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും അവർക്ക് അവൻ തൃപ്തിപ്പെട്ട് കൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും അവരുടെ ഭയപ്പാടിന് ശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്. എന്നോട് യാതൊന്നും അവർ പങ്കുചേർക്കുകയില്ല. അതിന് ശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്ന പക്ഷം അവർ തന്നെയാകുന്നു ധിക്കാരികൾ" (ക്വുർആൻ 24:55).

ഈ ബോധത്തിൽനിന്നും ഭൂരിഭാഗം ആളുകളും വ്യതിചലിച്ചു. ശവകുടീരങ്ങൾ, തങ്ങൾവേഷവും സിദ്ധവേഷവും കെട്ടി തട്ടിപ്പിനിറങ്ങിയവർ, ആരൊക്കെയോ ഊതിക്കൊടുക്കുന്ന നൂലുകൾ, ഏലസ്സുകൾ... ഇതിലെല്ലാമാണ് നിർഭയത്വം ലഭിക്കുക എന്ന വിശ്വാസത്തിൽ അലയുകയാണ് അറിവും വിവേചന ശേഷിയുമുള്ള മനുഷ്യർ! ഇത്തരം ദുർവഴികളെ വെടിയുന്നവർക്ക് അല്ലാഹു നൽകുന്ന സന്തോഷ വാർത്ത ഇപ്രകാരമാണ്. അല്ലാഹു പറയുന്നു: "വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടിക്കലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവർ" (ക്വുർആൻ 6:82).

സത്യാസത്യം വിവേചിക്കപ്പെട്ട ബദ്ർ പോരാട്ടത്തിൽ ദുർബലരായ മുസ്‌ലിം സൈന്യത്തിന് വിജയിക്കാനായതും അബൂബക്കർ‍ﷺ, ഉമർﷺ എന്നീ ഭരണാധികാരികളുടെ കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ ശത്രുക്കളായി നിലകൊണ്ടിരുന്ന റോമൻ, പേർഷ്യൻ ചക്രവർത്തിമാർ മുസ്‌ലിംകളെ ഉന്മൂലനാശം വരുത്തുവാൻ ഒരുങ്ങിപ്പുറപ്പെടുമ്പോൾ അവരുടെ നേരെ തിരിഞ്ഞ് വിശ്വാസി സമൂഹത്തിന് പ്രതികരിക്കാൻ കരുത്തായതും കലർപ്പില്ലാത്ത ഈ വിശ്വാസമാണ്.





നാനാ ജാതി മതസ്ഥർ അവരുടെ വിശ്വാസമനുസരിച്ച് വസിക്കുന്ന മതേതര ജനാധിപത്യ രാജ്യമായ ഇന്ത്യയുടെ നല്ല നിലനിൽപിനായി വിവേകമതികളായ നേതാക്കന്മാർ എഴുതിയുണ്ടാക്കിയ, രാജ്യത്തിന്റെ നട്ടെല്ലായ ഭരണഘടനയെ വിവേകശൂന്യരായ ഭരണാധികാരികൾ തച്ചുതകർക്കാൻ ശ്രമിക്കുമ്പോഴും, തങ്ങളുടെ നിലനിൽപ് ചോദ്യം ചെയ്യപ്പെടുമ്പോഴും അചഞ്ചലമായ വിശ്വാസം തന്നെയാണ് ഒന്നാമത്തെ ആശ്വാസം. അല്ലാഹുവിന്റെ വാഗ്ദാനം കാണുക:

അല്ലാഹു പറയുന്നു: "...അല്ലാഹുവെ വല്ലവനും സൂക്ഷിക്കുന്ന പക്ഷം അല്ലാഹു അവന്നൊരു പോംവഴി ഉണ്ടാക്കി കൊടുക്കുകയും അവൻ കണക്കാക്കാത്ത വിധത്തിൽ അവന്ന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്. വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്ന പക്ഷം അവന്ന് അല്ലാഹു തന്നെ മതിയാകുന്നതാണ്. തീർച്ചയായും അല്ലാഹു തന്റെ കാര്യം പ്രാപിക്കുന്നവനാകുന്നു. ഓരോ കാര്യത്തിനും അല്ലാഹു ഒരു ക്രമം ഏർപെടുത്തിയിട്ടുണ്ട്" (ക്വുർആൻ 65:2,3).

ആകുലതയും വ്യാകുലതയും നീറ്റലുണ്ടാക്കുന്ന വ്രണങ്ങളാണ്. അല്ലാഹുവിനെയും റസൂലിനെയും അനുസരിച്ച്, അല്ലാഹുവിനെ മാത്രം ആരാധിച്ച് ജീവിക്കുന്നവരെ താൽക്കാലിക പ്രയാസങ്ങൾ അസ്വസ്ഥരാക്കുകയില്ലെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്.

അല്ലാഹു പറയുന്നു: "ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുകയും പിന്നീട് ചൊവ്വെ നിലകൊള്ളുകയും ചെയ്തവരാരോ അവർക്ക് യാതൊന്നും ഭയപ്പെടാനില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല" (ക്വുർആൻ 46:13).

ക്ഷമയും പ്രവർത്തനവും പ്രാർഥനയുമാണ് പരീക്ഷണങ്ങളെ അതിജയിക്കാൻ ഇസ്‌ലാം നിർദേശിച്ച വഴികൾ. അല്ലാഹു പറയുന്നു: "കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവ നഷ്ടം, വിഭവ നഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക.തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്; ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ് എന്നായിരിക്കും" (ക്വുർആൻ 2:155,156).

വിശ്വാസികൾ എത്രത്തോളം കഠിനാധ്വാനികളും സഹനശീലരുമാണെന്ന് തെളിയുന്നത് വരെ പരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കും. അല്ലാഹു പറയുന്നു: "നിങ്ങളുടെ കൂട്ടത്തിൽ സമരം ചെയ്യുന്നവരെയും ക്ഷമ കൈക്കൊള്ളുന്നവരെയും നാം തിരിച്ചറിയുകയും നിങ്ങളുടെ വർത്തമാനങ്ങൾ നാം പരിശോധിച്ചു നോക്കുകയും ചെയ്യുന്നത് വരെ നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും" (ക്വുർആൻ 47:31).



**നിർഭയത്വപൂർണമായ ജീവിതമാണ് എല്ലാവരും ആശിക്കുന്നത്. ചിട്ടയായ ജീവിതത്തിന് ഇത് നിവാര്യവുമാണ്. ഭയം തളംകെട്ടി നിൽക്കുന്നിടു നിന്ന് അസ്വസ്ഥതയും നിരാശയും വിട്ടൊഴിയുകയില്ല. പലരെയും അനാവശ്യമായി നാം പേടിക്കുന്നത് മൂലം അല്ലാഹുവിനെ ധിക്കരിക്കലും അനുസരണകേട് കാണിക്കലുമാണ് അനന്തരഫലമായി പ്രകടമാകുന്നത്. എന്നാൽ അല്ലാഹുവിന്റെ കൽപനകളെ ശിരസ്സാവഹിക്കാതിരിക്കുന്നതിലാണ് യഥാർഥത്തിൽ ഭയമുണ്ടാകേണ്ടത്. ഇത് മുഖേനയാണ് നിഷിദ്ധങ്ങളിൽ നിന്ന് അകന്നു ജീവിക്കുവാൻ നമുക്ക് സാധിക്കുക.**

അവ്യക്തതകൾ, ഭൗതിക കാര്യങ്ങളിലെ അതിമോഹം, സാഹചര്യങ്ങളുടെ സമ്മർദം എന്നിവയ്ക്ക് അടിമപ്പെട്ട് വിശ്വാസത്തെ ദുർബലപ്പെടുത്തുന്നവരുണ്ട്. ഇത്തരം ചതികളെതൊട്ട് വിശ്വാസികൾ ജാഗ്രതയുള്ളവരാകണം. ജീവിതകാലത്തും മരണവേളയിലും അല്ലാഹു സ്ഥൈര്യം നൽകണമെങ്കിൽ വിശ്വാസം കരുത്തുറ്റതാകണം. അല്ലാഹു പറയുന്നു:

"ഐഹികജീവിതത്തിലും പരലോകത്തും സുസ്ഥിരമായ വാക്കുകൊണ്ട് സത്യവിശ്വാസികളെ അല്ലാഹു ഉറപ്പിച്ച് നിർത്തുന്നതാണ്..." (ക്വുർആൻ 14:27).

ജന്മനാടായ മക്കയിൽ നിന്ന് നബിﷺ പുറത്താക്കപ്പെട്ടപ്പോഴും അഭയംതേടി ത്വാഇഫിൽ ചെന്നപ്പോൾ ഉണ്ടായ പ്രയാസങ്ങളിലും അദ്ദേഹത്തിന് കുളിരായത് ക്ഷമയും പ്രാർഥനയുമാണ്. സ്വഹാബത്തും ശേഷക്കാരും അനുഭവിച്ച പീഡനങ്ങളിൽ അ

വർ അടിപതറാതിരുന്നതും ഇത് മൂലമാണ്. അല്ലാഹു പറയുന്നു:

"അതല്ല, നിങ്ങളിൽ നിന്ന് ധർമസമരത്തിൽ ഏർപെട്ടവരെയും ക്ഷമാശീലരെയും അല്ലാഹു തിരിച്ചറിഞ്ഞിട്ടല്ലാതെ നിങ്ങൾക്ക് സ്വർഗത്തിൽ പ്രവേശിച്ചുകളയാമെന്ന് നിങ്ങൾ വിചാരിച്ചിരിക്കയാണോ?" (ക്വുർആൻ 3:142).

മതാധ്യാപനങ്ങൾക്ക് ഊന്നൽ കൊടുത്തതിന്റെ പേരിൽ ഇമാം അഹ്മദ് ഇബ്നു ഹമ്പലും ഇമാം ബുഖാരിയും ഭരണാധികാരികളാൽ ക്രൂശിക്കപ്പെട്ട സന്ദർഭത്തിലും താർത്താരികളും മതത്തിൽ അതിര് കവിഞ്ഞവരും ഇബ്നുതൈമിയ്യയുടെ നാടിനെ കീഴ്പ്പെടുത്താൻ ഒരുങ്ങിയ സമയത്തും അവർക്ക് സൗമ്യതയോടെ പെരുമാറുവാനും വിശ്വാസത്തിൽ അടിയുറച്ചു നിൽക്കുവാനും കഴിഞ്ഞത് അവർ ക്ഷമാലുക്കളായത് കൊണ്ടാണ്.

നമ്മുടെ രാജ്യം വിഷമകരമായ ഘട്ടത്തിലൂടെ കടന്നു പോകുകയാണ്. ഈ സാഹചര്യത്തെ മറികടക്കാനും ഒന്നിച്ചു നിൽക്കാനും ക്ഷമ അനിവാര്യമാണ്. അല്ലാഹു പറയുന്നത് കാണുക:

"സത്യവിശ്വാസികളേ, നിങ്ങൾ ക്ഷമിക്കുകയും ക്ഷമയിൽ മികവ് കാണിക്കുകയും പ്രതിരോധ സന്നദ്ധരായിരിക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ച് ജീവിക്കുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം" (ക്വുർആൻ 3:200).



ജീവിതത്തെ പൂർണമായും സ്രഷ്ടാവിന് സമർപ്പിക്കുക എന്നതാണ് വിശ്വാസത്തിന്റെ പൊരുൾ. ആത്മാർഥത ചോരാതെ മനസ്സും നാവും ശരീരാവയവങ്ങളും അല്ലാഹുവിനെ അനുസരിക്കുന്നതിൽ ഏകോപിക്കണം.

അല്ലാഹു പറയുന്നു: "പറയുക: തീർച്ചയായും എന്റെ പ്രാർഥനയും എന്റെ ആരാധനാകർമങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു" (ക്വുർആൻ 6:162).

സൽകർമങ്ങൾ ചെയ്യുക; പതിവാക്കുക എന്ന ഗുണം രക്ഷയുടെ മാർഗം തുറന്നുതരുന്നതാണ്. ആത്യന്തിക രക്ഷ ലഭിക്കേണ്ടത് പരലോകത്താണ്. അത് വിസ്മരിക്കുവാൻ പാടില്ല.

അല്ലാഹു പറയുന്നു: "തീർച്ചയായും വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ, അവരുടെ വിശ്വാസത്തിന്റെ ഫലമായി അവരുടെ രക്ഷിതാവ് അവരെ നേർവഴിയിലാക്കുന്നതാണ്. അനുഗ്രഹങ്ങൾ നിറഞ്ഞ സ്വർഗത്തോപ്പുകളിൽ അവരുടെ താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. അതിനകത്ത് അവരുടെ പ്രാർഥന അല്ലാഹുവേ, നിനക്ക് സ്തോത്രം എന്നായിരിക്കും. അതിനകത്ത് അവർക്കുള്ള അഭിവാദ്യം സമാധാനം എന്നായിരിക്കും. അവരുടെ പ്രാർഥനയുടെ അവസാനം ലോകരക്ഷിതാവായ അല്ലാഹുവിന് സ്തുതി എന്നായിരിക്കും" (ക്വുർആൻ 10:9,10).

അധർമകാരികളിൽ നിന്ന് വിശ്വാസികൾക്കുള്ള സംരക്ഷണവും രക്ഷയുമാണ് നല്ല പ്രവർത്തനങ്ങൾ. പേടിപ്പിച്ച് നിർത്തുക എന്ന ദുഷ്ടചിന്താഗതിക്കാരുടെ മുൻവിധികൾക്ക് മുമ്പിൽ തലകുനിച്ച് ആത്മ സംസ്കരണത്തിനാവശ്യമായ പ്രവർത്തനങ്ങളെ മറക്കുന്നത് വിശ്വാസികൾക്ക് ഭൂഷണമല്ല.

അല്ലാഹു പറയുന്നു: "അല്ലാഹുവെയും റസൂലിനെയും അനുസരിക്കുകയും അല്ലാഹുവെ ഭയപ്പെടുകയും അവനോട് സൂക്ഷ്മത പുലർത്തുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് വിജയം നേടിയവർ" (ക്വുർആൻ 24:52).



ഡോ.സബീൽ പട്ടാമ്പി
drsabeel555@gmail.com



# ഫാഷിസം: ചരിത്രം ആവർത്തിക്കുന്നുവോ?

**സ്വേച്ഛാധിപത്യത്തിന്റെയും കിരാത ഭരണത്തിന്റെയും പര്യായപദമെന്ന് വിശേഷിപ്പിക്കാവുന്ന വംശീയ ഉന്മൂലന അജണ്ടയാണ് ഇറ്റലിയിൽ രൂപം കൊണ്ട ഫാഷിസം. മുസോളിനിയിലൂടെ തുടക്കം കുറിച്ച ഈ ദുഷ്ചിന്തക്ക് പിന്നീട് പല തുടർച്ചകളുമുണ്ടായി. അതിന്റെ വർത്തമാനകാല മുഖമാണ് ഇന്ത്യയിൽ നടന്നു വരുന്ന സംഘ്പരിവാർ ഭരണമെന്ന് പുതിയ സംഭവവികാസങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു.**

'ചരിത്രം ആവർത്തിക്കപ്പെടും. പക്ഷേ, വലിയൊരു വിനാശം സംഭവിച്ചതിനു ശേഷം മാത്രമെ നമുക്ക് ആ ആവർത്തനത്തിന്റെ സാമ്യത തിരിച്ചറിയുകയുള്ളൂ'- അമേരിക്കൻ പത്രപ്രവർത്തകനായ സിഡ്നി ജെ ഹാറിസ്.

മനുഷ്യരാശിയുടെയും രാജ്യങ്ങളുടെയും ചരിത്രം പഠിക്കുമ്പോൾ നാം കാണുന്ന ഒരു പ്രതിഭാസമാണ് പലപ്പോഴും പല ചരിത്രങ്ങളും പല സ്ഥലങ്ങളിലായി പല കാലങ്ങളിൽ ആവർത്തിക്കുന്നു എന്നത്. ചില ആവർത്തനങ്ങൾ ആകസ്മികമാണെങ്കിൽ വേറെ ചില ആവർത്തനങ്ങൾ 'കരുതിക്കൂട്ടിയുള്ളത്' തന്നെയാണ്.

ചരിത്രത്തിൽ നിന്നുള്ള 'നല്ലപാഠങ്ങൾ' പകർത്തുന്നതിലോ ആവർത്തിക്കുന്നതിലോ തെറ്റില്ല. എന്നാൽ ലോകം ഓർക്കാൻ പോലും ഇഷ്ടപ്പെടാത്ത ചരിത്രത്തിലെ കറുത്ത അധ്യായങ്ങൾ പകർത്തിയെടുത്ത് അത് ബോധപൂർവം വീണ്ടും നടപ്പിലാക്കാൻ ശ്രമിക്കുന്നതിനെ തിരിച്ചറിഞ്ഞ് ചെറുത്ത് തോൽപിക്കേണ്ടതുണ്ട്.

പറഞ്ഞുവരുന്നത് ഫാഷിസത്തെയും നാസിസത്തെയും കുറിച്ച് തന്നെ. ഇന്ന് ഇന്ത്യയിൽ നടന്ന് കണ്ടുകൊണ്ടിരിക്കുന്ന 'ഇന്ത്യൻ ഫാഷിസ രാഷ്ട്രീയ നാടകങ്ങൾ' കാണുമ്പോൾ നമുക്ക് തോന്നുക അത് ഇറ്റലിയിൽ നടന്ന ഫാഷിസത്തിന്റെയും ജർമനിയിൽ നടന്ന നാസിസത്തിന്റെയും കരുതിക്കൂട്ടിയുള്ള ആവർത്തനമാണോ ഇതൊക്കെ എന്നാണ്. ഒരുവേള ഇന്നത്തെ 'ഇന്ത്യൻ ഫാഷിസം' ഇറ്റാലിയൻ ഫാഷിസത്തിന്റെ 'ആവർത്തനം തന്നെയാണ്' എന്ന് വായനക്കാർക്ക് തോന്നിയാലും അത്ഭുതപ്പെടാനില്ല, കാരണം അത്രയും അമ്പരപ്പിക്കുന്ന വിധമാണ് ഫാഷിസത്തോടും നാസിസത്തോടും ഇന്ത്യൻ ഫാഷിസ്റ്റ് നാടകങ്ങൾക്കുള്ള സാമ്യത.

### ഫാഷിസ്റ്റ് പാർട്ടിയുടെ രൂപീകരണവും അധികാരാരോഹണവും

ഇന്ന് നാം ഉപയോഗിക്കുന്ന 'ഫാഷിസം' എന്ന വാക്ക് നാം ബന്ധിപ്പിക്കാറുള്ളത് ഇറ്റലിയിലെ ക്രൂരനായ ഏകാധിപധിയായിരുന്ന ബെനിറ്റോ മുസോളിനി സ്ഥാപിച്ച 'നാഷണൽ ഫാഷിസ്റ്റ് പാർട്ടി' എന്ന സംഘടനയിലേക്കാണ്. 1921ലാണ് മുസോളിനി ഈ സംഘടനക്ക് രൂപംകൊടുത്തത്. സംഘടനയുടെ പ്രഖ്യാപിത ആദർശം തന്നെ 'ഇറ്റാലിയൻ ദേശീയതയിൽ' ഊന്നിയതായിരുന്നു. 1924ൽ നടന്ന ഇലക്ഷനിൽ ഫാഷിസ്റ്റ് പാർട്ടി അധികാരത്തിൽ വരുകയും മുസോളിനി പ്രധാനമന്ത്രിയാവുകയും ചെയ്തു. തുടർന്നങ്ങോട്ടുള്ള ദിനങ്ങൾ ഇറ്റാലിയൻ ജനതയുടെ കറുത്ത ദിനങ്ങളായിരുന്നു. ഫാഷിസ്റ്റ് പാർട്ടി അതിന്റെ യഥാർഥ മുഖം കാണിച്ചുതുടങ്ങി. ജനാധിപത്യ രാഷ്ട്രമായ ഇറ്റലിയെ ഒരു ഏകാധിപത്യ രാഷ്ട്രമാക്കി മാറ്റുക എന്നതായിരുന്നു മുസോളിനിയുടെ ഒന്നാമത്തെ അജണ്ട. അതിന്റെ ഒന്നാം ഘട്ടമെന്നോണം ഫാഷിസ്റ്റ് പാർട്ടിയല്ലാത്ത മറ്റെല്ലാ പാർട്ടികളെയും മുസോളിനി ഇറ്റലിയിൽ നിരോധിച്ചു. ഇനി രാജ്യത്ത് ഒരു പാർട്ടി മാത്രം!! എതിർപാർട്ടിയില്ല, എതിർശബ്ദങ്ങളില്ല. തുടർന്നങ്ങോട്ട് മുസോളിനിയുടെ മരണം വരെ ഇറ്റലി ഭരിച്ചത് മുസോളിനി മാത്രം.

ഏകാധിപത്യത്തിന്റെ ഒന്നാമത്തെ നീക്കം ഏതുവിധേനയും അധികാരം പിടിക്കലാണ്. (അത് തെരഞ്ഞെടുപ്പിൽ കൃത്രിമം കാണിച്ചോ അല്ലെങ്കിൽ ഉള്ള ഭരണം തന്നെ അട്ടിമറിച്ചോ ആകാം). അങ്ങനെ അധികാരത്തിൽ വന്നാൽ പിന്നെ എതിർശബ്ദങ്ങൾക്ക് സ്ഥാനമില്ല.

### ഫാഷിസ്റ്റ് പാർട്ടിയുടെ പ്രത്യയശാസ്ത്രവും പ്രചാരണവും

'അമിത ദേശീയതാ വാദം' (Nationalism) ആണ് ഫാഷിസ്റ്റ് പാർട്ടിയുടെ പ്രഖ്യാപിത സിദ്ധാന്തം എന്ന് നാം സൂചിപ്പിച്ചല്ലോ. അതായത് പുരാതന റോമൻ ചരിത്രത്തിൽ (ആർഷ റോമൻ പൈതൃകം) ഊന്നിയായിരുന്നു ഈ വാദം. റോമൻ പൈതൃകം സംരക്ഷിക്കപ്പെടണം. അതിനു തടസ്സമാകുന്നതൊക്കെ ഈ രാജ്യത്ത് ഒതുക്കി നിർത്തപ്പെടുകയോ പുറംതള്ളപ്പെടുകയോ വേണം. ഇതാണ്, ഈ ചിന്തയുടെ കാതൽ. ഈ സമയത്ത് പാർട്ടി ഉയർത്തിക്കാട്ടിയ ഒരു ശബ്ദമായിരുന്നു 'പിതൃരാഷ്ട്രം' (Father Nation) എന്നത്. പ്രസംഗങ്ങളിലും ലേഖനങ്ങളിലും 'പിതൃരാഷ്ടം' എന്ന വാക്കും ആശയവും ധാരാളം ഉദ്ധരിക്കപ്പെട്ടു. പാർട്ടിയുടെ ചിന്താരീതിയെ എതിർക്കുന്നവരെ ഇല്ലാതാക്കി. ഭരണം ഏറ്റെടുത്തതോടു കൂടി 'ഇറ്റാലിയൻ ദേശവൽക്കരണം' എന്ന ലക്ഷ്യത്തിലേക്ക് എത്താനുള്ള ശ്രമങ്ങളാണു പിന്നീട് ഫാഷിസ്റ്റ് പാർട്ടി നടത്തിയത്.

നഗരങ്ങൾ, സ്ട്രീറ്റുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ പേരുകൾ ഇറ്റാലിയൻവൽക്കരിച്ചു. ഇറ്റാലിയൻ സംസ്കാരവും ഭാഷയും മാത്രമെ ആളുകൾ സ്വീകരിക്കാവൂ എന്ന് നിയമം വന്നു. വിദേശ സംസ്കാരങ്ങൾ, മതങ്ങൾ, വേഷഭൂഷാധികൾ തുടങ്ങിയവ വിലക്കപ്പെട്ടു.



### വിദ്യാഭ്യാസത്തിന്റെ ഫാഷിസ്റ്റ് വൽക്കരണം

സ്കൂൾ പാഠ്യപദ്ധതികളിൽ സാരമായ മാറ്റംവരുത്തി. ഇറ്റാലിയൻ ഭാഷയും സംസ്കാരവും സിലബസ്സിൽ നിറച്ചു. ഇതിനോട് സഹകരിക്കാത്ത അധ്യാപകരെ തൽസ്ഥാനത്തുനിന്ന് നീക്കി. സ്കൂൾ സമയത്തിന്റെ 20 ശതമാനം സമയം കുട്ടികളെ എങ്ങനെ നല്ല ഫാഷിസ്റ്റ് ആക്കാം എന്നു പഠിപ്പിക്കുന്നതിനു വേണ്ടി ഉപയോഗിച്ചു! യൂണിവേഴ്സിറ്റികളിൽ ഫാഷിസ്റ്റ് വിദ്യാർഥികളുടെ പ്രത്യേക വിംഗ് തന്നെ ഉണ്ടായിരുന്നു. യുവാക്കളായ ഫാഷിസ്റ്റുകൾക്ക് പ്രത്യേകം കായികാഭ്യാസങ്ങളും ആയുധപരിശീലനവും നൽകിയിരുന്നു.

### പത്രമാധ്യങ്ങളുടെ ജോലി മുസ്സോളിനിയെ പുകഴ്ത്തൽ:

മുസോളിനി അധികാരത്തിൽ വന്നതോടെ അതുവരെയുണ്ടായിരുന്ന മാധ്യമ സ്വാതന്ത്ര്യം ഇല്ലാതായി. ഇനി മുതൽ മുസോളിനിയെ പുകഴ്ത്തൽ മാത്രമായിരിക്കും പത്രങ്ങളുടെ പണി. മുസോളിനി പറയുന്ന വാർത്തകൾ മാത്രമെ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്താവൂ, അതും പാർട്ടി ഓഫിസിൽനിന്നുള്ള പരിശോധനക്ക് ശേഷം മാത്രം! ഇതായിരുന്നു നിയമം. മുസോളിനിയും പാർട്ടിയും ചെയ്യുന്ന കാടത്തം പത്രങ്ങൾ മൂടിവെച്ചു. മുസോളിനിയെയും പാർട്ടിയെയും വിശുദ്ധരായി അവതരിപ്പിച്ചു.

ഇത്തരം കാര്യങ്ങളുടെ പ്രചാരണങ്ങൾക്ക് വേണ്ടി മാത്രം 1937ൽ ഒരു ഡിപ്പാർട്ട്മെന്റ് ഫാഷിസ്റ്റ് ഗവണ്മെന്റിനു കീഴിൽ രൂപീകരിച്ചു. ഫാഷിസത്തിനു വേണ്ടി എഴുതുന്ന പത്രങ്ങൾക്ക് സബ്സിഡി നൽകി. രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും ഫാഷിസ്റ്റ് ആശയങ്ങൾ പ്രചരിപ്പിക്കാനും ബോധവൽക്കരിക്കാനും തുടങ്ങി. ഇതിനു മാത്രം പ്രത്യേകം സംഘങ്ങൾ ഉണ്ടായിരുന്നു. 'കറുത്ത വസ്ത്രധാരികൾ' (Black shirts) എന്നായിരുന്നു ഈ സംഘം അറിയപ്പെട്ടിരുന്നത്. മതിലുകളിലും ചുവരുകളിലും ഫാഷിസ്റ്റ് അനുകൂല പോസ്റ്ററുകൾ തിങ്ങിനിറഞ്ഞു.

1930കൾ റേഡിയോ പ്രചരിക്കുന്ന കാലമായിരുന്നു. മുസോളിനിയുടെ പ്രസംഗം റേഡിയോയിലൂടെ ഒഴുകിവന്നിരുന്നു. ഈ പ്രസംഗങ്ങൾ പൊതുസ്ഥലങ്ങളിൽ സംപ്രേക്ഷണം ചെയ്യപ്പെട്ടു.

### വ്യക്തിപ്രഭാവം പ്രചരിപ്പിക്കൽ

മാധ്യമങ്ങൾ മുസോളിനിയെ ഒരു ഹീറോ ആയും ഇറ്റലിയുടെ രക്ഷകനായും പ്രചരിപിപ്പിച്ചു. പത്രങ്ങളിൽ എന്താണ് മുസോളിനിയെ കുറിച്ച് എഴുതേണ്ടതെന്ന് നിർദേശം നൽകപ്പെട്ടു. മുസോളിനി കുതിരപ്പന്തയത്തിൽ ഓടുന്നതും സിംഹത്തിന്റെ കൂടെ നിൽക്കുന്നതും കാറോട്ട മൽസരം നടത്തുന്നതും നീന്തുന്നതുമായ ഫോട്ടോകൾ പത്രത്തിൽ നിറഞ്ഞുനിന്നു. മുസോളിനി സ്വയം തിരഞ്ഞെടുത്ത ഫോട്ടോകൾ മാത്രമാണ് പത്രങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നത്. ഫ്രാൻസിസ് പുണ്യാളനുമായും യേശുക്രിസ്തുവുമായും മുസോളിനിയെ താരതമ്യപ്പെടുത്തുന്ന ലേഖനങ്ങൾ പത്രങ്ങളിൽ വന്നിരുന്നു. മുസോളിനിയുടെ ജന്മസ്ഥലം പുണ്യസ്ഥലവും തീർഥാടനകേന്ദ്രവുമായി മാറ്റപ്പെട്ടു. മുസോളിനിക്ക് അമാനുഷികമായ പല കഴിവുകളുമുണ്ടെന്നും അദ്ദേഹം എറ്റ്ന പർവതത്തിലെ (Mount Etna) ലാവ ഒഴുക്ക് തടഞ്ഞുവെന്നും ലിബിയ സന്ദർശിച്ചപ്പോൾ അവിടെ മഴപെയ്യിച്ചു എന്നും പത്രങ്ങളിൽ വന്നു!

ഇക്കാലത്ത് വളരെയധികം പ്രചരിപ്പിക്കപ്പെട്ട ഒരു മുദ്രാവാക്യമായിരുന്നു 'മുസോളിനിയാണ് എപ്പോഴും ശരി' (Mussolini is always right) എന്നത്. മുസോളിനി തെറ്റുപറ്റാത്തവനാണെന്ന് ഉദ്ദേശം! ഈ വാക്യം പൊതുസ്ഥലങ്ങളിലും സ്കൂളുകളിലും മറ്റും എഴുതിവെക്കപ്പെട്ടു.

അറബ് രാജ്യങ്ങളുടെ പിന്തുണ കിട്ടാൻ അദ്ദേഹം 'ഇസ്‌ലാമിന്റെ സംരക്ഷകനാണെന്നു' കൂടി ലിബിയ സന്ദർശനവേളയിൽ പറഞ്ഞു.

### ഇറ്റലി സാമ്പത്തിക തകർച്ചയിലേക്ക്

ഒന്നാം ലോകയുദ്ധത്തിനു ശേഷം ഉണ്ടായ സാമ്പത്തിക മാന്ദ്യവും അതോടൊപ്പം മുസോളിനിയുടെ മണ്ടൻ സാമ്പത്തിക നയങ്ങളും കൂടിയായപ്പോൾ ഇറ്റലി സാമ്പത്തികമായി തകർന്നു. കോർപ്പറേറ്റുകളെ പിന്തുണക്കുന്ന രീതിയായിരുന്നു മുസോളിനി സ്വീകരിച്ചത്. സാമ്പത്തിക പ്രധിസന്ധി നേരിടാൻ പൗരന്മാരെല്ലാം 'പിതൃരാജ്യത്തിനു' സ്വർണം നൽകണമെന്ന് മുസോളിനി ആഹ്വാനം ചെയ്തു. സാമ്പത്തിക തകർച്ചയിലാണെങ്കിലും പൊങ്ങച്ചം പറയുന്നതിൽ മുസോളിനി ഒട്ടും കുറവ് കാണിച്ചില്ല. 'ഇറ്റലി സ്വയം പര്യാപ്തമാണെന്നും ആവശ്യത്തിലധികം എണ്ണ ഇറ്റലിയുടെ കയ്യിലുണ്ട്' എന്നും പ്രചരിപ്പിച്ചു.

### ഫാഷിസ്റ്റ് പാർട്ടി സ്വന്തം പൗരന്മാരെ മെരുക്കിയെടുത്ത വിധം

പാർട്ടിയുടെ ആശയങ്ങൾക്ക് എതിരു നിൽക്കുന്നവരെ മെരുക്കിയെടുക്കാൻ ഇറ്റാലിയൻ ഫാഷിസ്റ്റ് പാർട്ടിക്ക് ചില രീതികളുണ്ടായിരുന്നു. ഒന്നാമത്തെ




രീതി എതിർക്കുന്നവരെ ശക്തി ഉപയോഗിച്ച് അടിച്ചമർത്തുക എന്നതാണ്. ഫാഷിസ്റ്റ് സൈന്യമായ കറുത്ത വസ്ത്രധാരികളെ ഉപയോഗിച്ച് എതിർത്തവരെ അടിച്ചമർത്തി.

രണ്ടാമത്തെ രീതി വളഞ്ഞ വഴിയാണ്. ഫാഷിസ്റ്റ് ഗവൺമെന്റിന്റെ ആനുകൂല്യങ്ങൾ കിട്ടണമെങ്കിൽ പാർട്ടിയെ അനുകൂലിക്കുകയോ അംഗത്വമെടുക്കുകയോ ചെയ്യണം. 1938ൽ വന്ന ഒരു ഗവൺമെന്റ് ഉത്തരവ് പ്രകാരം ഫാഷിസ്റ്റ് പാർട്ടിയിൽ അംഗത്വം ഇല്ലാത്തവർക്ക് ഗവൺമെന്റ് ജോലിയിൽ ചേരാനോ തൽസ്ഥാനത്ത് തുടരാനോ പാടില്ല എന്ന നിയമം വന്നു. അതായത് ഗവൺമെന്റ് ജോലി ചെയ്യണമെങ്കിൽ ഫാഷിസ്റ്റ് പാർട്ടി അംഗത്വം എടുത്തേ പറ്റൂ എന്ന്!

ഇനി സ്വകാര്യ സ്ഥാപങ്ങളുടെ കാര്യമെടുക്കാം. ഫാഷിസ്റ്റ് പാർട്ടി കോർപ്പറേറ്റ് വ്യവസ്ഥയെ ആണ് പിന്തുണച്ചത് എന്ന് സൂചിപ്പിച്ചല്ലോ. അതുകൊണ്ട് തന്നെ കോർപ്പറേറ്റ് സ്ഥാപനങ്ങളിലും ഫാഷിസ്റ്റ് അനുകൂലികൾക്കേ ജോലി ചെയ്യാൻ അവസരം ഉണ്ടായിരുന്നുള്ളൂ. അല്ലാത്തവർ സ്വാഭാവികമായും പിൻതള്ളപ്പെട്ടു.

## അക്രമങ്ങൾ അഴിച്ചുവിടുന്നു!

മുമ്പ് നാം സൂചിപ്പിച്ചത് പോലെ പുരാതന റോമൻ പൈതൃകത്തിലൂന്നിയ ഒരു ഇറ്റലിയെ വാർത്തെടുക്കുക എന്നതായിരുന്നു ഫാഷിസ്റ്റ് പാർട്ടിയുടെ ലക്ഷ്യം. പുരാതന റോമിലെ വീരപുരുഷന്മാരായിരുന്ന ജൂലിയസ് സീസറിനെയും അഗസ്റ്റസിനെയും ഉത്തമ പുരുഷൻമാരായും മാതൃകാപുരുഷന്മാരായും മുസോളിനിയും ഫാഷിസ്ററ് പാർട്ടിയും ഉയർത്തിക്കാട്ടി. മുസോളിനിയുടെ പാർട്ടിയുടെ താൽപര്യവും പിന്തുണയും റോമൻ പുരാതനപൈതൃകത്തെ പിന്തുണക്കുന്ന ഉയർന്ന പ്രമാണി വർഗത്തോട് (Elite class) ആയിരുന്നു.

ഫാഷിസ്റ്റ് പാർട്ടിയുടെ 'റോമൻ പൈതൃക രാഷ്ട്രം' എന്ന ലക്ഷ്യത്തിലേക്കുള്ള തടസ്സമായി ഇറ്റലിയിൽ ഉണ്ടായിരുന്നത് പ്രധാനമായും രണ്ട് ശക്തികളാണ്: (1) പോപ്പിന്റെ കീഴിലുള്ള കത്തോലിക്കസഭ. (2) സോഷ്യലിസ്റ്റ് പാർട്ടി.

1920 കളിൽ ഫാഷിസ്റ്റ് പാർട്ടി ഭരണത്തിൽ വന്നപ്പോൾ മുതൽ സോഷ്യലിസ്റ്റ് പാർട്ടി ഫാഷിസ്റ്റ് പാർട്ടിയുടെ കണ്ണിലെ കരടായി നിന്നു. പ്രമാണി വർഗത്തിനു വേണ്ടിയാണ് മുസോളിനിയും ഫാഷിസ്റ്റ് പാർട്ടിയും തിരക്കഥ രചിക്കുന്നത് എന്നതും രാജ്യത്തെ ജനങ്ങളുടെ പൗരസ്വാതന്ത്ര്യത്തെ പിടിച്ചു കെട്ടുന്നതാണ് ഫാഷിസ്റ്റ് നിയമങ്ങൾ എന്നതുമായിരുന്നു സോഷ്യലിസ്റ്റ് പാർട്ടി ഫാഷിസ്റ്റ് പാർട്ടിക്കെതിരെ തിരിയാൻ കാരണം. മുസോളിനി സോഷ്യലിസ്റ്റുകളെ അടിച്ചൊതുക്കാൻ ശ്രമിച്ചു. 1922ൽ ഫാഷിസ്റ്റ് സേന ഇറ്റലിയുടെ വിവിധ ഭാഗങ്ങളിൽ വ്യാപകമായ അക്രമം അഴിച്ചുവിട്ടു. സോഷ്യലിസ്റ്റുകളുടെ ഓഫീസുകളും വീടുകളും തകർക്കുകയും നേതാക്കളെ അറസ്റ്റ് ചെയ്യുകയും ചെയ്തു.

മുസോളിനിയുടെ അക്രമത്തിനെതിരെ വത്തിക്കാൻ പോപ്പ് പ്രതികരിച്ചതോടെ കത്തോലിക്കരും ഫാഷിസ്റ്റ് പാർട്ടിയുടെ കണ്ണിലെ കരടായി മാറി. പോപ്പിന്റെ കീഴിൽ ക്രൈസ്തവർ അണിനിരക്കുന്നത് മുസോളിനിയെ അസ്വസ്ഥനാക്കിയിരുന്നു. അത് തന്റെ പരമാധികാരത്തിന് വെല്ലുവിളിയുയർത്തുന്ന ഒരു ബദൽ സംവിധാനമാണെന്ന് മുസോളിനി കരുതി. അതുകൊണ്ട് തന്നെ പോപ്പിനെതിരെ മുസോളിനി ശബ്ദിച്ചു. മുസോളിനിയുടെ ചരിത്രം എഴുതിയ Dennis Mack smith എഴുതുന്നു:

"papacy was a malignant tumor in the body of Italy and must 'be rooted

out once and for all,' because there was no room in Rome for both the Pope and himself" (Denis Mack Smith, Mussolini, Page. 222,23)

"ക്രൈസ്തവ പൗരോഹിത്യം ഇറ്റലിയെ കാർന്നുതിന്നുന്ന ഒരു അർബുദമാണ്. അത് എന്നെന്നേക്കുമായി പിഴുതെറിയപ്പെടണം. റോമിൽ തനിക്കും (മുസോളിനിക്ക്) പോപ്പിനും ഒരുമിച്ച് സ്ഥാനമില്ല.' (പോപ്പിന്റെ ആവശ്യമില്ല; നേതാവായി ഇവിടെ ഞാൻ മാത്രം മതി എന്ന് അർഥം).

(ചെറുപ്പത്തിൽ മുസോളിനി കത്തോലിക്ക ക്രിസ്ത്യാനിയായിരുന്നെങ്കിലും വലുതായപ്പോൾ മതം ഉപേക്ഷിക്കുകയും നിരീശ്വരവാദിയാവുകയും ചെയ്തു. പിന്നീട് മുസോളിനി മരണം വരെ ഒരു നിരീശ്വര വാദിയായിരുന്നുവെന്ന് ഭാര്യ റേചൽ മുസോളിനി Mussolini: An intimate biography എന്ന പുസ്തകത്തിൽ പറയുന്നുണ്ട്).

### മുസോളിനി ഫാഷിസം മറ്റു രാജ്യങ്ങളിലും അടിച്ചേൽപിക്കുന്നു

ഇറ്റാലിയൻ വംശക്കാർ ഉയർന്ന വിഭാഗമാണെന്നും ആഫ്രിക്കൻ വംശക്കാരായ കറുത്തവർ വംശീയമായി ഇറ്റലിക്കാരെക്കാൾ താഴെ നിൽക്കേണ്ടവരാണെന്നും മുസോളിനി പറഞ്ഞു. അതിനാൽ തങ്ങൾക്ക് ആഫ്രിക്കൻ രാജ്യങ്ങളുടെമേൽ അധികാരവും അവകാശവും ആവാമെന്നും വാദിച്ചു. അങ്ങനെ ആഫ്രിക്കൻ രാജ്യങ്ങളായ എത്യോപ്യയെയും ലിബിയയെയും ഇറ്റാലിയൻ ഫാഷിസ്റ്റ് ശക്തികൾ കീഴടക്കുകയും അവിടെ കോളനികൾ സ്ഥാപിക്കുകയും ചെയ്തു. ഈ രാജ്യങ്ങൾ ഇറ്റാലിയൻ വൽക്കരിക്കുന്നതിന്റെ ഭാഗമായി ലിബിയയിലേക്ക് 15 മില്ല്യൺ ഇറ്റലിക്കാരെ കൊണ്ടുവന്ന് താമസിപ്പിക്കാനും തീരുമാനിച്ചു. അതിനായി ലിബിയയിലുള്ള കറുത്തവർഗക്കാരെ കൂട്ടമായി കൊന്നൊടുക്കി. കോൺസൻട്രേഷൻ ക്യാമ്പുകളിൽ ആയിരങ്ങളെ തടവിലാക്കി. പതിനായിരങ്ങളെ പട്ടിണിക്കിട്ട് കൊന്നു. ഒരു ലക്ഷം ലിബിയക്കാരെ നാടുകടത്തുകയും അവിടെ ഇറ്റലിക്കരെ താമസിപ്പിക്കുകയും ചെയ്തു. (Beneto Mussolini, the first fascist by Anthony L Cardoza, pub 2006, page 109).

ഇതിനെ തുടർന്ന് 1935ൽ മറ്റൊരു ആഫ്രിക്കൻ രാജ്യമായ എത്യോപ്യയെയും ഇറ്റലി ആക്രമിക്കുകയും അവിടെയും ഫാഷിസ്റ്റ് കോളനിവൽക്കരണം നടത്താൻ തുടങ്ങുകയും ചെയ്തു.

### ഫാഷിസം: പടരുന്ന ക്യാൻസർ

പിന്നീട് മുസോളിനിക്കും പാർട്ടിക്കും എന്ത് സംഭവിച്ചു എന്നത് വിശദീകരിക്കുന്നതിനു മുമ്പ് വേറെ ചില കാര്യങ്ങൾ കൂടി ഓർമപ്പെടുത്താനുണ്ട്. ഫാഷിസം എന്നത് നേരത്തെ തിരിച്ചറിഞ്ഞു പ്രതിരോധിക്കേണ്ട ഒരു അർബുദമാണ്. അത് വളർന്ന് രാക്ഷസീയ രൂപം പ്രാപിച്ചു കഴിഞ്ഞാൽ പിന്നെ കീഴടക്കാൻ ബുദ്ധിമുട്ടാണ്. പലപ്പോഴും അതിനെ തിരിച്ചറിയുമ്പോഴേക്കും രാജ്യം അതിന്റെ കൈപ്പിടിയിലൊതുങ്ങിക്കഴിഞ്ഞിരിക്കും. മാത്രവുമല്ല, ഈ ക്യാൻസർ കൂടുതൽ സ്ഥലങ്ങളിലേക്ക് പടരുകയും ചെയ്യും. ഇറ്റലിയിൽ തുടങ്ങിയ ഫാഷിസം ലിബിയയിലേക്കും എത്യോപ്യയിലേക്കും പടർന്നത് നാം കണ്ടല്ലോ.

എന്നാൽ ഈ ക്യാൻസർ ഇവിടെയൊന്നും അവസാനിച്ചില്ല. മുസോളിനിയെ പിന്തുടർന്ന് പല രാജ്യത്തും പല നേതാക്കളും ഫാഷിസ്റ്റ് പാർട്ടിയുടെ അടിച്ചമർത്തൽ ഭരണരീതിയിൽ ആകൃഷ്ടരായി അത് തങ്ങളുടെ രാജ്യത്തും നടപ്പിലാക്കാൻ തുടങ്ങി. ഉദാഹരണമായി, മുസോളിനി ഇറ്റലി അടക്കിവാഴുന്ന അതേ കാലത്ത് മുസോളിനിയെ അനുകരിച്ച് ജർമനിയിലും ഒരു സ്വേഛാധിപതി/ഏകാധിപതി അധികാരത്തിൽ വന്നു; നാസി പാർട്ടിയുടെ നേതാവ് അഡോൾഫ് ഹിറ്റ്ലർ. ഇത് പോലെ റഷ്യയിൽ Russian Fascist Organizationനും റൊമാനിയയിൽ National Fascist movement ഉം സാൻമാരിനോവിൽ Summarinise Fascist Patryയും യുഗോസ്ലാവിയയിൽ Yugoslav Radical Unionനും നിലവിൽ വന്നു. ഇവരെല്ലാം പ്രചോദനം കൊണ്ടതും മാതൃകയാക്കിയതും മുസോളിനി സ്ഥാപിച്ച National Fascist Patryയെ തന്നെ. ഇക്കൂട്ടത്തിൽ ഏറ്റവും അപകടം വരുത്തിവച്ചത് ജർമനിയിലെ നാസി പാർട്ടിയുടെ തലവൻ അഡോൾഫ് ഹിറ്റ്ലറും അദ്ദേഹത്തിന്റെ പാർട്ടിയുമാണ്. **(തുടരും).**

### അവലംബ കൃതികൾ:

1) Stanley G. Payne. A History of Fascism.

2) World Fascism: A Historical Encyclopedia.

3) Walter Laqueur (1978). Fascism: A Reader's Guide: Analyses, Interpretations, Bibliography.

4) Macdonald, Hamish (1999). Mussolini and Italian Fascism.

5) "Mussolini and Fascism in Italy". FSmitha.com. 8 January 2008

ലേഖനം

ശൈഖ് സഅദ് ബിൻ നാസർ അശ്ശത്‌രി
വിവ: ശമീർ മദീനി

# സ്വൂഫികളും വിശ്വാസ വ്യതിയാനവും

പരക്കെ അറിയപ്പെടുന്ന ഒരു കക്ഷിയാണ് സ്വൂഫിയാക്കൾ. അതുകൊണ്ട് തന്നെ അവരുടെ ചിന്താഗതികളും വിശ്വാസ-ആദർശങ്ങളും ക്വുർആനിന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ പഠന വിധേയമാക്കുന്നത് നന്നായിരിക്കും. അതുകൊണ്ടാണ് വിശ്വാസ കാര്യങ്ങളിലെ സ്വൂഫി ചിന്താഗതികൾ എന്ന പേരിൽ ഇത്തരമൊരു ചർച്ചക്ക് തയ്യാറായത്. വിഷയത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് സുപ്രധാനങ്ങളായ രണ്ട് കാര്യങ്ങളെ കുറിച്ച് പറയാൻ ആഗ്രഹിക്കുന്നു.

*(ഗ്രന്ഥകാരനെ കുറിച്ച്: ഡോ: സഅ്ദ്ബ്നു നാസ്വിറുബ്നു അബ്ദുൽ അസീസ് അബൂഹബീബ് അശ്ശത്‌രി. സുഊദി അറേബ്യയിലെ ഒരു പണ്ഡിത കുടുംബത്തിൽ ജനിച്ച അദ്ദേഹം രിയാദിലെ ശരീഅ കോളേജിൽ പഠനം പൂർത്തിയാക്കി. ഹി:1417ൽ ഉസ്വൂലുൽ ഫിക്വ്ഹിൽ ഡോക്ടറേറ്റ് നേടി. സുഊദി അറേബ്യയിലെ ശൈഖ് അബ്ദുൽ അസീസ് ഇബ്നുബാസ്(റഹി), ശൈഖ് അബ്ദുൽ അസീസ് ആലുശൈഖ് മുതലായവർ ഗുരുനാഥന്മാരിൽ പ്രമുഖരാണ്. ചെറുതും വലുതുമായി ഇരുപതിൽപരം ഗ്രന്ഥങ്ങളും നിരവധി ഗവേഷണ പ്രബന്ധങ്ങളും രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ 'ആറാഉസ്സൂഫിയ്യ ഫീ അർകാനിൽ ഈമാൻ' എന്ന ഗ്രന്ഥത്തിന്റെ പരിഭാഷയാണിത്).*




ഒന്ന്: സ്വൂഫികൾ ഇന്ന് നിലവിലുണ്ടോ? അവരുടെ പ്രകടമായ രീതിശാസ്ത്രങ്ങളും അടയാളങ്ങളും എന്തൊക്കെയാണ്?

രണ്ട്: തസ്വവ്വുഫിന്റെ തുടക്കമെങ്ങനെയായിരുന്നു? സ്വൂഫിസത്തിന്റെ പ്രകടമായ അടയാളങ്ങളും രീതിശാസ്ത്രങ്ങളും എന്തൊക്കെയാണ്?

മറുപടി: സ്വൂഫിസത്തിലേക്ക് ചേർത്തു പറയുകയും അതിലേക്ക് ക്ഷണിക്കുകയും ചെയ്യുന്ന നിരവധി കക്ഷികളുണ്ട്. മൊറോക്കോ, സുഡാൻ, ലിബിയ, സിറിയ, ഈജിപ്ത് തുടങ്ങിയ നാടുകളിലുള്ള 'ശാദുലിയ്യാ' വിഭാഗവും, സുഡാൻ, നൈജീരിയ, സിനഗൽ, മൊറോക്കോ തുടങ്ങിയ രാജ്യങ്ങളിലുള്ള 'തീജാനിയ്യ' വിഭാഗവും അതിനുദാഹരണങ്ങളാണ്. മാത്രമല്ല, നൈജീരിയ്യയിൽ മാത്രമുള്ള 'തീജാനിയ്യാ'ക്കൾ പത്ത് ദശലക്ഷത്തിലധികം വരുമെന്നാണ് ചില ഗവേഷകർ അഭിപ്രായപ്പെടുന്നത്. സ്വൂഫി വിഭാഗത്തിൽ തന്നെ പെട്ട മറ്റൊരു കക്ഷിയാണ് സുഡാനിലെ 'ഖത്മിയ്യ' ത്വരീക്വത്ത്. ഇന്ത്യ, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, ശ്രീലങ്ക തുടങ്ങിയ സ്ഥലങ്ങളിലെ 'ബറേൽവി'കളും, 'നഖ്ശബന്ദിയ്യ', 'മൗലവിയ്യ', 'ക്വാദിരിയ്യ', 'രിഫാഇയ്യ', 'കത്താനിയ്യ', 'അഹ്മദിയ്യത്തുൽ ഇദ്‌രീസിയ്യ' തുടങ്ങിയവയും സ്വൂഫി വിഭാഗങ്ങളാണ്. ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ 'ദയൂബന്ദി'കളെ പോലെയും തുർക്കിയിലെ 'നൂർസിയ്യാ'ക്കളെ പോലെയും സ്വൂഫിസത്തിന്റെ സ്വാധീനമുള്ള, അവരുടെ ആദർശങ്ങൾ സ്വീകരിച്ചതുമായ വേറെ ചില കക്ഷികളും വിഭാഗങ്ങളുമുണ്ട്. അതുകൊണ്ട്തന്നെ ഈ വിഷയത്തെ കുറിച്ചുള്ള പഠനം കാലാഹരണപ്പെട്ടുപോയ വല്ലതിനും ജീവൻ നൽകി അവതരിപ്പിക്കുന്നതല്ല; പ്രത്യുത നമ്മുടെ സമകാലിക യാഥാർഥ്യങ്ങളെ കുറിച്ചുള്ള പഠനമാണെന്നത് വ്യക്തമാണ്.

സ്വൂഫിസത്തിന്റെ തുടക്കം ഭൗതിക വിരക്തിയും (സുഹ്ദ്) ആരാധനക്കായി ഒഴിഞ്ഞിരിക്കലും ഇസ്‌ലാമിക സമൂഹത്തിൽ വ്യാപിച്ചിരുന്ന ആഡംബരത്തിന്റെ ഭാവങ്ങൾ ഉപേക്ഷിക്കലുമൊക്കെയായിരുന്നു. പരുക്കൻ രോമവസ്ത്രങ്ങൾ ധരിക്കൽ അതാണറിയിക്കുന്നത്. വിജ്ഞാനങ്ങളിൽ നിന്ന കന്ന് ആരാധനകളിലും മറ്റു കർമങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ചതിലൂടെ വ്യത്യസ്തങ്ങളായ വിശ്വാസ ആദർശങ്ങൾ അവരിലേക്ക് എളുപ്പത്തിൽ കടന്നുകൂടുവാൻ സഹായകമായി. കാരണം അത്തരം വ്യതിയാനങ്ങളിൽ നിന്ന് സംരക്ഷണം നൽകും വിധത്തിലുള്ള മതപരമായ അറിവ് അവർക്കുണ്ടായിരുന്നില്ല.



'തസ്വവ്വുഫി'ന്റെ ചരിത്രത്തെക്കുറിച്ച് പറയുകയാണെങ്കിൽ, സ്വഹാബത്തിന്റെ കാലഘട്ടം മുതൽ അതിന്റെ തുടക്കമുണ്ടായിട്ടുണ്ടെന്നതാണ് യാഥാർഥ്യം. സ്വഹാബികൾ അപ്പോൾ തന്നെ അതിനെ എതിർക്കുകയും ചെയ്തിട്ടുണ്ട്. തന്റെയും കുടുംബത്തിന്റെയും ഉപജീവനത്തിനായി ജോലി ചെയ്യാതെ ആരാധനക്കായി ഒഴിഞ്ഞിരിക്കുന്നവരെ ഉമർ ﷺ ആക്ഷേപിക്കുകയുണ്ടായി. കൂഫയിലെ പള്ളിയിൽ ഒരുമിച്ചുകൂടി സംഘമായി ദിക്ർ ചൊല്ലിയവരെ ഇബ്നു മസ്ഊദും ﷺ എതിർത്തിട്ടുണ്ട്. ചില മലകളിൽ ആരാധനക്കായി പ്രത്യേക ഭവനങ്ങളുണ്ടാക്കിയവരെയും അദ്ദേഹം ആക്ഷേപിച്ചു. തസ്വവ്വുഫിന്റെ പ്രകടരൂപങ്ങൾ ഏതാനും കൊച്ചു കൊച്ചു ബിദ്അത്തുകൾ കൊണ്ടാണ് തുടങ്ങിയത്. പിന്നീട് കാലാന്തരത്തിൽ അത് വളർന്ന് വലുതായി. ശരീഅത്തിന് വിരുദ്ധമായ പല ഗുരുതര സംഗതികളും അവരുടെ പക്കൽ രൂപപ്പെട്ടു തുടങ്ങി.

സ്വൂഫികൾ വ്യത്യസ്തങ്ങളായ നിരവധി കക്ഷികളാണ്. അവർക്കിടയിൽ തന്നെ പരസ്പര ഭിന്നതയും എതിർപ്പുകളുമുണ്ട്. പരസ്പര മാത്സര്യങ്ങളും ആക്ഷേപശരങ്ങൾ വർഷിക്കലുമൊക്കെയുണ്ട്. തസ്വവ്വുഫിന്റെ കാര്യത്തിലും ബിദ്അത്തുകളിലും അവരൊക്കെയും ഒരേ നിലവാരത്തിലല്ല. വിശ്വാസ കാര്യങ്ങളിൽ ഏതിലെങ്കിലുമുള്ള സ്വൂഫി ചിന്താഗതികളെ കുറിച്ച് നാം സംസാരിക്കുമ്പോൾ അത് അവരിലെ എല്ലാ കക്ഷികളിലുമുണ്ട് എന്ന അർഥത്തിലല്ല. അപ്രകാരം തന്നെ ആധുനിക സൗകര്യങ്ങളും വാർത്താവിനിമയ മാർഗങ്ങളുമൊക്കെ വ്യാപിച്ച ഈ കാലഘട്ടത്തിൽ ധാരാളക്കണക്കിന് സ്വൂഫികൾ തങ്ങളുടെ മുൻകാല ചിന്താഗതികളിൽ ചിലതിൽ നിന്നൊക്കെ മാറാൻ തുടങ്ങിയതായും കണ്ടിട്ടുണ്ട്. തങ്ങളുടെ ബിദ്അത്തുകളെയും ചില വിശ്വാസങ്ങളെയും നിരാകരിക്കുന്ന വ്യക്തമായ തെളിവുകൾ കണ്ടതുകൊണ്ടായിരിക്കാമത്.

ഈ വാക്കുകൾ കൊണ്ട് ഏതെങ്കിലും വ്യക്തികളെ ആക്ഷേപിക്കൽ എന്റെ ലക്ഷ്യമല്ല. മറിച്ച് സ്വൂഫികളുടെ ചില വിശ്വാസങ്ങൾ ക്വുർആനും സുന്നത്തുമായി തട്ടിച്ചുനോക്കി സർവലോക രക്ഷിതാവായ അല്ലാഹുവിനെ കണ്ടുമുട്ടുന്ന ദിനത്തിൽ



ച്ച ഗ്രന്ഥത്തിലും അവൻ മുമ്പ് അവതരിപ്പിച്ച ഗ്രന്ഥത്തിലും നിങ്ങൾ വിശ്വസിക്കുവിൻ. അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും അന്ത്യദിനത്തിലും വല്ലവരും അവിശ്വസിക്കുന്ന പക്ഷം തീർച്ചയായും അവൻ ബഹുദൂരം പിഴച്ചുപോയിരിക്കുന്നു" (ക്വുർആൻ 4:136).

ആ തെളിവുകൾ സൂക്ഷ്മമായി പരിശോധിച്ചാൽ അല്ലാഹുവിലുള്ള വിശ്വാസവുമായി ബന്ധപ്പെട്ടവയെ മൂന്ന് വിഭാഗങ്ങളായി തിരിക്കുവാൻ സാധിക്കും. ഒന്ന്, അല്ലാഹുവിന്റെ പ്രവൃത്തികളുമായി ബന്ധപ്പെട്ട വിശ്വാസം. അഥവാ അവനാണ് ഉപജീവനം നൽകുന്നവനും (അർറാസിക്വ്) കാര്യങ്ങൾ നിയന്ത്രിക്കുന്നവനും (അൽമുദബ്ബിർ) ആയ സ്രഷ്ടാവ് (അൽഖാലിക്വ്). ഇതാണ് തൗഹീദുർറുബൂബിയ്യ (സൃഷ്ടി പരിപാലനത്തിലുള്ള ഏകത്വം) എന്നതുകൊണ്ട് അർഥമാക്കുന്നത്.

രണ്ടാമത്തേത്, ആരാധനാകർമങ്ങൾ മുഴുവനും അവന് മാത്രം അർപ്പിക്കുകയെന്ന നമ്മുടെ ബാധ്യതയുമായി ബന്ധപ്പെട്ടതാണ്. മറ്റാരും ആരാധനക്കർഹരല്ല. ഇതാണ് തൗഹീദുൽ ഉലൂഹിയ്യ അഥവാ ആരാധനയിലുള്ള ഏകത്വം.

മൂന്നാമത്തേത്, അല്ലാഹുവിന്റെ നാമങ്ങളിലും വിശേഷണങ്ങളിലുമുള്ള വിശ്വാസമാണ് (അഥവാ തൗഹീദുൽ അസ്മാഇ വസ്സ്വിഫാത്ത്). അല്ലാഹു അവനെ സ്വയം പരിചയപ്പെടുത്തിയതോ അവന്റെ റസൂൽ(സ) അവനെക്കുറിച്ച് അറിയിച്ചതോ ആയ സർവവിശേഷണങ്ങളും യാതൊരു ഭേദഗതിയോ (തഹ്‌രീഫ്) നിഷേധമോ (തഅ്ത്വീൽ) ഉപമയോ (തംഥീൽ) രൂപം ആവിഷ്‌കരിക്കലോ (തക്‌യീഫ്) ഒന്നും കൂടാതെ തന്നെ അവന്റെ ഔന്നത്യത്തിനും മഹത്ത്വത്തിനും യോജിക്കുന്ന വിധത്തിൽ നാം അംഗീകരിക്കേണ്ടതുണ്ട്.

അല്ലാഹു പറയുന്നു: "ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവത്രെ അവൻ. അതിനാൽ അവനെ നീ ആരാധിക്കുകയും അവന്നുള്ള ആരാധനയിൽ ക്ഷമയോടെ ഉറച്ചു നിൽക്കുകയും ചെയ്യുക. അവന്നു പേരൊത്ത ആരെയെങ്കിലും നിനക്കറിയാമോ?"(ക്വുർആൻ 19:65).

ഈ സൂക്തത്തിലെ 'ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവത്രെ അവൻ' എന്ന ഭാഗം തൗഹീദുർറുബൂബിയ്യത്താണ്. 'അതിനാൽ അവനെ നീ ആരാധിക്കുകയും അവന്നുള്ള ആരാധനയിൽ ക്ഷമയോടെ ഉറച്ചു നിൽക്കുകയും ചെയ്യുക' എന്നത് തൗഹീദുൽ ഉലൂഹിയ്യത്തും 'അവന്നു പേരൊത്ത ആരെയെങ്കിലും നിനക്കറിയാമോ?' എന്നത് തൗഹീദുൽ അസ്മാഇ വസ്സ്വിഫാത്തുമാണ്. **(തുടരും)**

എന്റെയും അവരുടെയും രക്ഷയാഗ്രഹിച്ചുകൊണ്ടും നസ്വീഹത്തി(ഗുണകാംക്ഷ)ന്റെ താൽപര്യത്താലുമുള്ള അല്ലാഹുവിന്റെ പൊരുത്തത്തിനായുള്ള ശ്രമം മാത്രമാണിത്. ഈമാൻ കാര്യങ്ങളുടെ ക്രമത്തിൽ തന്നെ എന്റെ വാക്കുകളെ ഞാൻ ക്രമീകരിക്കുകയാണ്. അതായത്, ഈമാനിനെ കുറിച്ച് നബി(സ)യോട് ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് വിശദീകരിച്ചതായി സ്വഹീഹായ ഹദീഥുകളിൽ വന്ന ക്രമത്തിൽ തന്നെ. നബിﷺ പറഞ്ഞു:

"ഈമാൻ അഥവാ വിശ്വാസമെന്നത്, അല്ലാഹുവിലും അവന്റെ മലക്കുകളിലും കിതാബുകളിലും ദൂതൻമാരിലും അന്ത്യദിനത്തിലും വിധിയിലും അഥവാ അതിന്റെ നന്മ-തിന്മകളിലും നീ വിശ്വസിക്കലാണ്" (മുസ്‌ലിം).

**അല്ലാഹുവിലുള്ള വിശ്വാസം**

അല്ലാഹുവിൽ വിശ്വസിക്കൽ നിർബന്ധമാണെന്ന് നിരവധി തെളിവുകൾ വ്യക്തമാക്കുന്നു. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, അല്ലാഹുവിലും അവന്റെ ദൂതനിലും അവന്റെ ദൂതന്ന് അവൻ അവതരിപ്പി

എ.എം.എസ് മൊറയൂർ
mail@nerpatham.com







കഥ നടക്കുന്നത് പണ്ട് പണ്ടല്ല.
അതു പറഞ്ഞു ചടപ്പിക്കുന്നില്ല.
ഒന്ന് നടന്നത് ഇന്ത്യയുടെ ഒരറ്റത്ത്.
മറ്റേത് മറ്റേ അറ്റത്ത്.
കഥയിലേക്കു വരാം.
ഒരാൾ.
താടിയുണ്ട്.
തലപ്പാവുണ്ട്.
തോക്കേന്തി ശീലമുള്ള കരങ്ങൾ.
ഉയർന്ന ശിരസ്സ്.
നെഞ്ചിൽ നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നുണ്ട്.
ഇന്ത്യൻ ഖജനാവിൽ നിന്ന് ഓഹരിപറ്റി ജീവിക്കുന്നു.
ജോലി; അതിർത്തി കാക്കൽ.
ഒരു ദിനം അയാൾ പിടിക്കപ്പെട്ടു!
കൂടെ, താൻ തുരത്തിയോടിക്കേണ്ടവരായ ഭീകരരും ഉണ്ട്!

ചോറിവിടെ. കൂറവിടെ.
ഒരു ഭീകരനുവേണ്ട എല്ലാം ഒത്തിണങ്ങിയിട്ടുണ്ട്.
താടി, തോക്ക്, ഭീകര ബന്ധം...
പക്ഷേ...
പക്ഷേ...?
പറയൂ, എന്താണ് പക്ഷേ...?
അയാളെ ഭീകരവാദിയാക്കാൻ പറ്റില്ലത്രെ!
കാരണം?
അയാളുടെ പേര് പ്രശ്നമാണ്!
പേരിൽ സാഹിബ് എന്നതിനു പകരം
സിങ്ങ് എന്നാണ്!
കഥകഴിഞ്ഞു.
കഴിഞ്ഞോ?
അതെ.
ഇനി കഥ മുന്നോട്ടില്ല.
ഇനി കഥയിൽ ചോദ്യവുമില്ല.
അത് സാഹിബാണെങ്കിലേ ഇനി കഥ തുടരൂ.
ചാനലുകൾ, പത്രങ്ങൾ, ദേശഭക്തർ...
എല്ലാവരും അപ്പോഴേ കഥയിൽ ചേരൂ!
ഇപ്പോൾ ശുഭം.
അതിനിടക്ക്
ഒന്ന് പറയട്ടെ,
ഈ കഥ നടക്കുമ്പോഴാണ്
നാവികസേനയിൽ നിന്ന്
ഒരു വാർത്ത വരുന്നത്.
കുറച്ചാളുകൾ മാതൃരാജ്യത്തെ ഒറ്റുകൊടുത്തുവത്രെ!
അതിന്റെയും കഥ കഴിഞ്ഞിട്ടുണ്ട്.
കാരണം അതിലും കാക്കമാരില്ല.
അപ്പോഴേ കഥ തുടരൂ.

ഇനി
രണ്ടാമത്തെ
കഥയിലേക്കു വരാം.
ഒരാൾ...
താടിയില്ല.
ബുദ്ധിക്ക് തകരാറില്ല.
ബോംബുണ്ടാക്കാനറിയാം.
ഉണ്ടാക്കിയ ബോംബുമായി
എയർപോർട്ടിലേക്ക്.
വിമാനം കയറാനല്ല.
വിമാനത്താവളത്തിൽ വെക്കാൻ.




വെച്ചു.
തിരിച്ചു പോന്നു.
അന്വേഷണം തുടങ്ങി.
കക്ഷി പിടിയിലുമായി.
പക്ഷേ...
എന്തു പക്ഷേ?
പേര്?
റാഷിദല്ല; റാവുവാണ്.
മാനസിക രോഗിയാണത്രെ!
കഥകഴിഞ്ഞു.
കഥയിൽ ചോദ്യവുമില്ല.
റാഷിദാണെങ്കിൽ
കഥ തുടർന്നേനെ.
ദേശഭക്തരുടെ
ചോര തിളച്ചേനെ!
ഇപ്പോൾ
കഥ കഴിഞ്ഞു.
ശുഭം.
ചാനലുകൾ
പത്രങ്ങൾ
എല്ലാം
സിന്ദൂരവും തേച്ച്
വിശ്രമത്തിലാണ്!
വല്ല കാക്കയും
കൊത്തുമോന്നറിയാൻ!

റിയാസ് സ്വലാഹി തളിപ്പറമ്പ്
riyasswalahi.p@gmail.com





# ഇത് പരാജയ ഹേതുവാണ്

സത്യവിശ്വാസികൾ പരലോകവിജയം നേടിയെടുക്കാനുള്ള കൃഷിചെയ്യുന്നവരാണ്. പരലോകത്ത് രക്ഷപ്പെടാൻ ഭൂമിയിൽ നന്നായി കൃഷി ചെയ്യണം. പരലോകത്ത് ഏത് വിളകളാണ് സ്വീകരിക്കുക എന്ന് അല്ലാഹു അവന്റ ദൂതന്മാർ മുഖേന അറിയിച്ചിട്ടുണ്ട്. വിളകളെ നശിപ്പിക്കുന്ന കീടങ്ങൾ ധാരാളമുണ്ട്. അവ ഏതെന്നും നാം അറിയണം. പരലോകത്ത് രക്ഷ ലഭിക്കാൻ മനസ്സിന് രോഗം വരാതെ ശ്രദ്ധിക്കേണ്ടതുണ്ട്. മനസ്സിനെ പല രോഗങ്ങളും പിടികൂടാൻ സാധ്യതയുണ്ട്. മനസ്സ് (ക്വൽബ്) അല്ലാഹു നൽകിയ അപാരമായ അനുഗ്രഹമാണ്. അതിനാൽ തന്നെ മനസ്സിനെ വളരെ ശ്രദ്ധിക്കണമെന്ന് പ്രവാചകൻﷺ പഠിപ്പിച്ചു. നബിﷺ പറഞ്ഞു:

"നിങ്ങളുടെ ശരീരത്തിൽ ഒരു മാംസക്കഷ്ണമുണ്ട്, അത് നന്നായാൽ ശരീരം പൂർണമായും നന്നാവും. അത് ചീത്തയായാൽ ശരീരം പൂർണമായും ചീത്തയാകും. അറിയുക; അതാണ് ഹൃദയം."

അല്ലാഹു പറയുന്നു: "തീർച്ചയായും അതിനെ (ഹൃദയത്തെ) പരിശുദ്ധമാക്കിയവൻ വിജയം കൈവരിച്ചു. അതിനെ മലീമസമാക്കിയവൻ പരാജയപ്പെട്ടു" (ക്വുർആൻ 91:9,10).

എല്ലാ തിന്മകളിൽനിന്നും രക്ഷപ്പെട്ട ഹൃദയവുമായി നാളെ പരലോകത്ത് എത്തുന്നവർക്കല്ലാതെ അവരുടെ സമ്പത്തോ സന്താനങ്ങളോ ഉപകാരപ്പെടുകയില്ല.

"അപ്പോൾ ഏതൊരാൾ തന്റ രക്ഷിതാവിന്റെ സ്ഥാനത്തെ ഭയപ്പെടുകയും മനസ്സിനെ തന്നിഷ്ടത്തിൽ നിന്ന് വിലക്കി നിർത്തുകയും ചെയ്തുവോ (അവന്) സ്വർഗം തന്നെയാണ് സങ്കേതം" (ക്വുർആൻ 79:40,41).

മനസ്സിനെ പിടികൂടുന്ന മാരകമായ ഒരു രോഗമാണ് കിബ്ർ അഥവാ അഹങ്കാരം. എന്താണ് കിബ്ർ? നബിﷺ തന്നെ വിശദീകരിച്ചു തന്നു: "അഹങ്കാരം എന്നത് സത്യത്തെ നിഷേധിക്കലും ജനങ്ങളെ നിന്ദ്യരായി കാണലുമാണ്" (മുസ്‌ലിം).

### സത്യനിഷേധികളുടെ സ്വഭാവം

കിബ്റ് വിശ്വാസികളുടെ സ്വഭാവമല്ല. നിഷേധികളുടെ ഗുണമാണ്. മനുഷ്യാരംഭത്തിൽ തന്നെയുള്ള ഒരു അഹങ്കാരിയെ അല്ലാഹു പരിചയപ്പെടുത്തി.

"ആദമിനെ നിങ്ങൾ പ്രണമിക്കുക എന്ന് നാം മലക്കുകളോട് പറഞ്ഞ സന്ദർഭം (ശ്രദ്ധിക്കുക). അവർ പ്രണമിച്ചു; ഇബ്‌ലീസ് ഒഴികെ. അവൻ വിസമ്മതം പ്രകടിപ്പിക്കുകയും അഹംഭാവം നടിക്കുകയും ചെയ്തു. അവൻ സത്യനിഷേധികളിൽപ്പെട്ടവനാകുന്നു" (ക്വുർആൻ 2:34).

പിശാച് അഹങ്കാരിയാണെന്ന് അല്ലാഹു പറഞ്ഞുതരുന്നു. അല്ലാഹുവിനോട് മാത്രം പ്രാർഥിക്കണം എന്ന് പറഞ്ഞാൽ അവിശ്വാസികൾ (കാഫിറുകൾ) നൽകുന്ന മറുപടി ക്വുർആൻ പഠിപ്പിക്കുന്നു:

"അല്ലാഹുമല്ലാതെ ഒരു ദൈവവുമില്ല എന്ന് അവരോട് പറയപ്പെട്ടാൽ അവർ അഹങ്കാരം നടിക്കുന്നു" (ക്വുർആൻ 37:35).

ധിക്കാരികളായി ക്വുർആൻ പരിചയപ്പെടുത്തിയ ക്വാറൂനിനെ കുറിച്ചും ഫിർഔനെ കുറിച്ചും അല്ലാഹു പറയുന്നത് കാണുക:

"ക്വാറൂനിനെയും ഫിർഔനെയും ഹാമാനെയും (നാം നശിപ്പിച്ചു) വ്യക്തമായ തെളിവുകളും കൊണ്ട് മൂസാ അവരുടെ അടുത്ത് ചെല്ലുകയുണ്ടായി. അപ്പോൾ അവർ നാട്ടിൽ അഹങ്കരിച്ചു നടന്നു. അവർ (നമ്മെ) മറികടക്കുന്നവരായില്ല" (ക്വുർആൻ 29:39).

### അഹങ്കാരം വിശ്വാസികളുടെ സ്വഭാവമല്ല

സത്യവിശ്വാസികളുടെ നേതാവായ മുഹമ്മദ് നബിﷺയുടെ സ്വഭാവം അല്ലാഹുതന്നെ നമുക്ക് പറഞ്ഞുതരുന്നു: "തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു" (ക്വുർആൻ 684).

അല്ലാഹുവിന്റ നല്ല അടിമകൾ വിനയമുള്ളവരായിരിക്കും എന്ന് അല്ലാഹു പറയുന്നു: "പരമകാരുണികന്റ ദാസന്മാർ ഭൂമിയിൽ കൂടി വിനയത്തോടെ നടക്കുന്നവരും അവിവേകികൾ തങ്ങളോട് സംസാരിച്ചാൽ സമാധാനപരമായി മറുപടി പറയുന്നവരുമാകുന്നു" (ക്വുർആൻ 25:63).

### അഹങ്കാരികളെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല

അഹങ്കാരികളെ അല്ലാഹു ഇഷ്ടപ്പെടില്ല എന്ന് ക്വുർആനിലൂടെ അല്ലാഹു വ്യക്തമായി പറഞ്ഞത് കാണാം:

"...അവൻ (അല്ലാഹു) അഹങ്കാരികളെ ഇഷ്ടപ്പെടുകയില്ല, തീർച്ച" (ക്വുർആൻ 16:23)

"...ദുരഭിമാനിയും പൊങ്ങച്ചക്കാരനുമായ യാതൊരാളെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല" (ക്വുർആൻ 31:18).





**അഹങ്കാരികൾ നരകത്തിൽ**

അല്ലാഹു അവന്റ കൽപനകൾ ധിക്കരിക്കുന്നവർക്ക് ഒരുക്കിവച്ച സങ്കേതമാണ് നരകം. നരകം ലഭിക്കാൻ ഇടയാക്കുന്ന ഒരു ദുർഗുണമാണ് അഹങ്കാരം എന്ന് വിശുദ്ധ ക്വുർആൻ നമ്മെ പഠിപ്പിക്കുന്നു. അല്ലാഹു പറയുന്നു:

"(അവരോട്) പറയപ്പെടും: നിങ്ങൾ നരകത്തിന്റ വാതിലുകളിലൂടെ പ്രവേശിക്കുക. നിങ്ങളതിൽ നിത്യവാസികളായിരിക്കും. എന്നാൽ അഹങ്കാരികളുടെ പാർപ്പിടം എത്ര ചീത്ത!" (ക്വുർആൻ 39:72).

"അതിനാൽ നരകത്തിന്റെ കവാടങ്ങളിലൂടെ നിങ്ങൾ കടന്ന് കൊള്ളുക. (നിങ്ങൾ) അതിൽ നിത്യവാസികളായിരിക്കും. അപ്പോൾ അഹങ്കാരികളുടെ വാസസ്ഥലം മോശം തന്നെ!" (ക്വുർആൻ 16:29).

"എന്നാൽ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ച് തള്ളുകയും അവയുടെ നേരെ അഹങ്കാരം നടിക്കുകയും ചെയ്യുന്നതാരോ അവരാണ് നരകാവകാശികൾ. അവർ അതിൽ നിത്യവാസികളായിരിക്കും" (ക്വുർആൻ 7:36).

"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച" (ക്വുർആൻ 40:60).

നബിﷺ പറഞ്ഞു: "നരക ശിക്ഷക്കാർ ആരെല്ലാമാണെന്ന് ഞാൻ പറഞ്ഞു തരട്ടെയോ? കഠിന ഹൃദയരും അഹംഭാവികളുമായ എല്ലാ ആളുകളുമാണവർ." (ബുഖാരി)

പ്രവാചകൻﷺ പറഞ്ഞു: "അണുമണിത്തൂക്കം അഹങ്കാരം മനസ്സിലുള്ളവൻ സ്വർഗത്തിൽ പ്രവേശിക്കില്ല."

"ന്യായം കൂടാതെ ഭൂമിയിൽ അഹങ്കാരം നടിച്ച് കൊണ്ടിരിക്കുന്നവരെ എന്റെ ദൃഷ്ടാന്തങ്ങളിൽ നിന്ന് ഞാൻ തിരിച്ചുകളയുന്നതാണ്" (ക്വുർആൻ 7:146).

ചുറ്റുപാടിലൂടെ കണ്ണോടിക്കുക; ചില സംഘടനകൾ ഭിന്നിക്കുന്നു, പാർട്ടികൾ പിളരുന്നു. പിളർപ്പിനും ഭിന്നിപ്പിനും പലപ്പോഴും കാരണം ചില വ്യക്തികളുടെ ഞാനെന്ന ഭാവമായിരിക്കും. യോജിപ്പിന് തടസ്സമായി നിൽക്കുന്നതും അഹങ്കാരം തന്നെ. അതിനാൽ അഹന്ത വെടിയുക. വിനയം ശീലമാക്കുക. ●

"തീർച്ചയായും ക്വാറൂൻ മൂസായുടെ ജനതയിൽ പെട്ടവനായിരുന്നു. എന്നിട്ട് അവൻ അവരുടെ നേരെ അതിക്രമം കാണിച്ചു. തന്റെ ഖജനാവുകൾ ശക്തൻമാരായ ഒരു സംഘത്തിനുപോലും ഭാരമാകാൻ തക്കവണ്ണമുള്ള നിക്ഷേപങ്ങൾ നാം അവന് നൽകിയിരുന്നു. അവനോട് അവന്റെ ജനത ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമത്രെ:) നീ പുളകം കൊള്ളേണ്ട. പുളകം കൊള്ളുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുകയില്ല" (ക്വുർആൻ 28:76).

**അഹങ്കാരമുള്ളവനെ അല്ലാഹു പരിഗണിക്കില്ല**

അബുഹുറയ്റ(റ) നിവേദനം; നബിﷺ അരുളി: "അഹങ്കാരത്തോടെ തന്റ വസത്രം വലിച്ചിഴച്ച് നടക്കുന്നവനെ അല്ലാഹു പരിഗണിക്കുകയില്ല."

അബൂഹുറയ്റ(റ) നിവേദനം; നബിﷺ അരുളി: "മൂന്ന് വിഭാഗത്തത്തോട് അന്ത്യദിവസം അല്ലാഹു സംസാരിക്കുകയില്ല, അവരെ സംസ്കരിക്കുകയില്ല, അവരിലേക്ക് നോക്കുകയുമില്ല. അവർക്ക് വേദനാജനകമായ ശിക്ഷയുണ്ട്: വ്യഭിചാര്യയായ വൃദ്ധൻ, കളവ് പറയുന്ന ഭരണാധികാരി, അഹംഭാവിയായ ദരിദ്രൻ എന്നിവരാണവർ" (മുസ്ലിം).

അബൂഫായിദ
mail@nerpatham.com





# സൗമ്യത സൗന്ദര്യമാണ്

**നബിﷺ പറഞ്ഞു: "നരകം നിഷിദ്ധമാക്കപ്പെട്ടവർ അല്ലെങ്കിൽ നരകത്തിനു നിഷിദ്ധമായവർ ആരെന്ന് ഞാൻ നിങ്ങൾക്ക് അറിയിച്ചുതരട്ടെയോ? ആളുകളോട് അടുപ്പം കാണിക്കുന്നവനും സൗമ്യശീലനും സഹിഷ്ണുത പുലർത്തുന്നവനും വിട്ടുവീഴ്ച ചെയ്യുന്നവനും അത് നിഷിദ്ധമാണ്" (തുർമുദി).**

മുഹമ്മദ് നബിﷺ സൗമ്യതയുടെയും സൗമനസ്യത്തിന്റെയും ആൾരൂപമായിരുന്നു. വിശുദ്ധ ക്വുർആൻ പഠിപ്പിക്കുന്ന സകലവിധ സൽഗുണങ്ങളുടെയും പ്രയോഗവത്കരണമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. വീട്ടുകാരോടും നാട്ടുകാരോടും വലിയവരോടും ചെറിയവരോടും മിത്രങ്ങളോടും ശത്രുക്കളോടും ജന്തുജാലങ്ങളോടുമെല്ലാം അനുപമമായ സൗമ്യതയും കാരുണ്യവും കാണിച്ച വിശാല മനസ്കനായിരുന്നു അവിടുന്ന്. "ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല" എന്നാണ് അല്ലാഹു വിശുദ്ധ ക്വുർആനിൽ അദ്ദേഹത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളത് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. നബിﷺയുടെ സൗമ്യതയെ പ്രകീർത്തിച്ചുകൊണ്ട് വിശുദ്ധ ക്വുർആൻ പറയുന്നത് കാണുക:

"അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷ സ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽനിന്നും അവർ പിരിഞ്ഞുപോകുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പു കൊടുക്കുകയും അവർക്കുവേണ്ടി പാപമോചനം തേടുകയും ചെയ്യുക...' (3:159).

വ്യക്തിപരമായി തന്നെ ഉപദ്രവിക്കുകയും വേദനിപ്പിക്കുകയും ചെയ്തവരോട് നബിﷺ പ്രതികാര നടപടി സ്വീകരിച്ചിരുന്നില്ല; അവർക്ക് മാപ്പു നൽകുകയാണ് ചെയ്തിരുന്നത്. മറ്റുള്ളവരുമായി ഇടപഴകി ജീവിക്കുമ്പോൾ അനിഷ്ടകരമായ പല അനുഭവങ്ങളും ഉണ്ടാവുക സ്വാഭാവികം. അത്തരം അനുഭവങ്ങളുണ്ടാകുമ്പോൾ ക്ഷമ കൈക്കൊള്ളുക എന്നത് ഉന്നതമായ സ്വഭാവഗുണമാണ്. ഒരു സത്യവിശ്വാസി ആ ഗുണത്തിന്റെ ഉടമയായിരിക്കേണ്ടതുണ്ട്.

തന്നെ വധിക്കുവാൻ വേണ്ടി ശപഥം ചെയ്തിറങ്ങിയ പലർക്കും നബിﷺ മാപ്പുകൊടുത്ത സംഭവങ്ങൾ ഹദീഥ് ഗ്രന്ഥങ്ങളിൽ കാണാം. തിന്മയെ നന്മകൊണ്ട് പ്രതിരോധിക്കുക എന്ന സൗമനസ്യത്തിന്റെ ഉദാത്ത മാതൃക നിർദേശിക്കുന്ന വിശുദ്ധ ക്വുർആനിന്റെ നിർദേശം പാലിക്കുന്നതിൽ നബിﷺ ശ്രദ്ധാലുവായിരുന്നു. അല്ലാഹു പറയുന്നു:

"നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അതുകൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു. ക്ഷമ കൈക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവനല്ലാതെ അതിന്നുള്ള അനുഗ്രഹം നൽകപ്പെടുകയില്ല" (ക്വുർആൻ 41:34,35).

നബിﷺ ഒരിക്കൽ പറഞ്ഞു: "നിശ്ചയമായും അല്ലാഹു സൗമ്യശീലനാകുന്നു. അവൻ സൗമ്യതയെ ഇഷ്ടപ്പെടുന്നു..." (മുസ്‌ലിം).

സൗമനസ്യവും സൗമ്യതയും ഒരു വ്യക്തിയെ ഉത്തമനായ മനുഷ്യനാക്കുകയാണ് ചെയ്യുക. അയാളിലേക്ക് ആളുകൾ ആകൃഷ്ടരാകും. അയാളെ ആളുകൾ ഇഷ്ടപ്പെടുകയും ചെയ്യും. അനാവശ്യമായ ഗാംഭീര്യവും പരുഷതയും പ്രകടിപ്പിക്കുന്നവർ മറ്റുള്ളവരുടെ വെറുപ്പ് സമ്പാദിക്കുകയാണ് ചെയ്യുന്നത്.

ആശിക്ക് മുഹമ്മദ് ലബ്ബ, എരുമേലി
mail@nerpatham.com

കഥ



# വിപ്ലവത്തിന്റെ കിനാവ്

“വലിയ ക്യൂവായിരുന്നു ഐഷ. ഓരോരുത്തരുടെയും മുഖത്ത് വല്ലാത്തൊരു ഭീതിയും ഭയവും. ഓഫീസിൽ നിന്ന് പലരും ഹൃദയം പൊട്ടിയാണ് ഇറങ്ങിവന്നത്. ചിലരുടെ മുഖത്ത് മാത്രം ഏതോ കഠിന പരീക്ഷ വിജയിച്ചത് പോലുള്ള ആനന്ദം. പക്ഷേ, ആ സന്തോഷവും അവർക്ക് അധികനേരം നീണ്ടു നിൽക്കുന്നില്ല. ഉറ്റവർ ആരുടെയെങ്കിലും പേര് പട്ടികയിലില്ലെന്ന വാർത്ത അപ്പോൾ വന്നിട്ടുണ്ടാവും...”

“നമ്മുടെ കാര്യമെന്തായി?” ഐഷ ഇടക്ക് കയറി ചോദിച്ചു.

“നമ്മൾ രണ്ടും പട്ടികയിലുണ്ട്. പക്ഷേ, നമ്മുടെ കുഞ്ഞു മകൾ കൻസയുടെ പേരില്ല.”

അയാൾ ഒറ്റശ്വാസത്തിൽ പറഞ്ഞു നിർത്തി. പെട്ടെന്ന് ഐഷക്ക് ഹൃദയം നിശ്ചലമാകുന്നത് പോലെ തോന്നി. അയാൾ അവളെ നെഞ്ചോട് ചേർത്തു പിടിച്ചു. നിലാവിൽ പൊതിഞ്ഞ് രണ്ടാളുമിരുന്നു.

അഷ്റഫ് ഹംസ. സൈക്കിൾ റിക്ഷ ചവിട്ടി ജീവിക്കുന്ന ഒരു പാവം മനുഷ്യൻ. സദാ പുഞ്ചിരിക്കുന്ന മുഖം. ഇന്ന് ഏറെ

വൈകിയാണയാൾ വീട്ടിലെത്തിയത്. മുഖത്ത് നഷ്ടമായ പുഞ്ചിരി ഭാര്യ ശ്രദ്ധിച്ചു കാണും. അതാണവൾ നിർത്താതെ ചോദിച്ചുകൊണ്ടേയിരുന്നത്.

"എങ്കിലും നമ്മുടെ മോളുടെ പേരെന്താ പട്ടികയിലില്ലാതെ പോയത്?" നിശ്ശബ്ദതയെ കീറിമുറിച്ച് കൊണ്ട് വീണ്ടും ഐഷയുടെ ചോദ്യം.

അഷ്റഫ് ഐഷയുടെ കൈ പിടിച്ച് മെല്ലെ പറയാൻ തുടങ്ങി:

"കൻസാ അഷ്റഫ്. അതായത് അഷ്റഫിന്റെ നിധി. ഉപ്പുപ്പായല്ലേ നമ്മുടെ മകൾക്കാ പേരിട്ടത്...? നമ്മളാ പേരിന്റെ ഭംഗി മാത്രമെ നോക്കിയിരുന്നുള്ളൂ... അക്ഷരങ്ങൾ ശ്രദ്ധിച്ചിരുന്നില്ല... മോൾടെ ജനന സർട്ടിഫിക്കറ്റിലുള്ള എന്റെ പേരിൽ അക്ഷരത്തെറ്റുണ്ടെന്ന കാര്യം. അതുകൊണ്ട്, ഞാൻ അവളുടെ ഉപ്പയാണെന്ന് എങ്ങനെ രേഖാമൂലം പറയാനാവുമെന്ന്...!"

അയാളുടെ കണ്ണുകൾ കണ്ണുനീർ പൊടിച്ചു. പ്രിയപ്പെട്ടവന്റെ കണ്ണുനിറയുന്നത് കണ്ട്, ഐഷ മറ്റെന്തൊക്കെയോ പറയാൻ തുടങ്ങി:

"കൻസ കുറെ നേരം നിങ്ങളെ നോക്കിയിരുന്നു. കാത്തിരുന്ന് ക്ഷീണിച്ചാണ് കിടന്നുറങ്ങിയത്."

"ഞാനങ്ങനെ ഉറങ്ങുമോ ഉമ്മാ...?" കൻസയുടെ കിളിക്കൊഞ്ചൽ.

അവൾ ഓടിവന്ന് അഷ്റഫിന്റെ തോളിൽ ചാടിക്കയറി.

"ഉപ്പാന്റെ മോള് ഉറങ്ങിയില്ലാർന്നോ...?"

"ഇല്ലുപ്പാ.. ഉപ്പയെ കാത്ത് വെറുതെ കണ്ണടച്ച് കിടന്നതാണ്."

അഷ്റഫ് വെറുതെയൊന്ന് പുഞ്ചിരിക്കുക മാത്രം ചെയ്തു.

"ഉപ്പാ... ഇന്നെന്റെ പരീക്ഷ പേപ്പർ കിട്ടി. ഉപ്പയെ അതൊന്ന് കാണിക്കാൻ എത്ര നേരമായിട്ട് ഞാൻ നോക്കിയിരിക്കുവാണെന്നറിയുവോ..."അവൾ വർണക്കടലാസു കൊണ്ട് പൊതിഞ്ഞ പാഠപുസ്തകം അഷ്റഫിന്റെ കയ്യിൽ വച്ചു കൊടുത്തു.

നല്ല മാർക്കുണ്ടാവും. പരീക്ഷക്ക് നല്ല മാർക്ക് കിട്ടുമ്പോഴൊക്കെ അവളിങ്ങനെയാണ്. പരീക്ഷാപേപ്പേർ പുസ്തകത്തിനുള്ളിലാക്കി കയ്യിൽ തരും, ഒരു സമ്മാനപ്പൊതി പോലെ. പുസ്കത്തിനിടയിൽ നിന്ന് പേപ്പറെടുത്ത് നോക്കണം. മാർക്കില്ലാത്ത ദിവസങ്ങളിലൊക്കെ പേപ്പർ തന്നിട്ടൊരോട്ടമാണ്. വഴക്ക് കേൾക്കാതിരിക്കാൻ... മൂന്നാം ക്ലാസ്സുകാരിയുടെ കുസൃതി! മനസ്സിന് ഇടക്കെങ്കിലും കുറച്ച് സന്തോഷം തരുന്നത് ഇതൊക്കെയാണ്.

അഷ്റഫ് എന്തൊക്കെയോ ചിന്തിച്ചുകൊണ്ട് അവളുടെ പുസ്തകം തുറന്നു.




ആദ്യപേജിൽ കണ്ടത് പ്രതിജ്ഞയാണ്.

അയാൾ ഉറക്കെ, ആവേശത്തോടെ അത് വായിക്കാൻ തുടങ്ങി: "ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്. ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു..."

"ഉപ്പാ.. എന്താ ഈ ചെയ്യുന്നേ? എന്റെ പേപ്പർ നോക്കുന്നില്ലേ?" കൻസ അത്ഭുതത്തോടെയാണത് ചോദിച്ചത്.

അഷ്റഫിന്, താൻ എന്താണ് ചെയ്യുന്നയതെന്ന് നിശ്ചയമുണ്ടായിരുന്നില്ല. പുറത്ത് എന്തൊക്കെയോ ശബ്ദം കേൾക്കുന്നു. ഐഷ ജനൽപ്പാളി തുറന്നു. തെരുവിൽ ഒരു സമുദ്രം രൂപപ്പെടുന്നത് പോലെ അവൾക്ക് തോന്നി. സ്ത്രീകളടക്കം രോഷത്തോടെ ഇൻക്വിലാബ് വിളിക്കുന്നു. മുദ്രവാക്യങ്ങൾ അന്തരീക്ഷത്തിൽ പ്രകമ്പനം കൊള്ളുന്നു.

"തെരുവിന് ജീവൻ വെച്ചിരിക്കുന്നു ഐഷാ..."

ഇപ്പോൾ അഷ്റഫിന് ഒരു പോരാളിയുടെ ശബ്ദം. അയാൾ ജനക്കൂട്ടത്തിനിടയിലേക്ക് കുതിച്ചു.

"എന്റെ കൂടെ കുറച്ചു നേരം കിടന്നിട്ട് പൊയ്ക്കൂടേ ഉപ്പാ...? ഉറക്കം വരാഞ്ഞിട്ടാണ്" വാതിൽപ്പടിയിൽ നിന്ന് കൻസയുടെ നിഷ്കളങ്കമായ ചോദ്യം.

അയാളെന്തോ പറയാനൊരുങ്ങും മുന്നേ മനസ്സിൽ, ഷൗഖി അബിഷകറയുടെ കവിതയിലെ ചില വരികൾ ചിറകടിച്ചെത്തി:

"നമ്മൾ കാറ്റു പോലെയിറങ്ങുക

വിപ്ലവത്തിന്റെ കിനാവ്...

ഭൂമിയിലെ ഒഴിവുദിനങ്ങൾ ഒടുങ്ങിയിരിക്കുന്നു..."

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
abooyahyakfn@gmail.com





# നല്ലത് പറയുക

ഇതര ജീവജാലങ്ങളിൽനിന്നുള്ള മനുഷ്യന്റെ പ്രധാനപ്പെട്ട ഒരു പ്രത്യേകത അവൻ സംസാരിക്കുന്നു എന്നതാണ്. മറ്റു ജീവജാലങ്ങൾക്ക് ആശയവിനിമയം നടത്താൻ അവയുടേതായ മാർഗങ്ങൾ ഉണ്ടെങ്കിലും മനുഷ്യരെ പോലെ സംസാരിക്കാൻ അവയ്ക്ക് സാധ്യമല്ല.

മനുഷ്യരുടെ കൂട്ടത്തിൽ നല്ലതും ചീത്തയും സംസാരിക്കുന്നവരുണ്ട്. മാനവസമൂഹത്തിനു നന്മ പഠിപ്പിക്കാൻ അവതരിപ്പിക്കപ്പെട്ട പരിശുദ്ധ ക്വുർആൻ മനുഷ്യൻ എങ്ങനെ സംസാരിക്കണം എന്ന് പഠിപ്പിച്ചു തന്നിട്ടുണ്ട്. വിശുദ്ധ ക്വുർആനിലെ പതിനേഴാം അധ്യായം സൂറതുൽ ഇസ്‌റാഇലെ 53ാം വചനത്തിൽ അല്ലാഹു പറയുന്നു:

"നീ എന്റെ ദാസൻമാരോട് പറയുക; അവർ പറയുന്നത് ഏറ്റവും നല്ല വാക്കായിരിക്കണമെന്ന്. തീർച്ചയായും പിശാച്

അവർക്കിടയിൽ (കുഴപ്പം) ഇളക്കിവിടുന്നു. തീർച്ചയായും പിശാച് മനുഷ്യന്ന് പ്രത്യക്ഷ ശത്രുവാകുന്നു.''

ഈ വചനത്തിലൂടെ കടന്നുപോയാൽ നമുക്ക് കാണാൻ സാധിക്കുന്ന ചില കാര്യങ്ങളുണ്ട്. അവർ നല്ലതു സംസാരിക്കട്ടെ എന്നല്ല അല്ലാഹു പറയുന്നത്. മറിച്ച് ഏറ്റവും നല്ലത് സംസാരിക്കട്ടെ എന്നാണ്. കാരണം നല്ലതല്ലാത്ത വാക്കുകൾ കാരണത്താൽ പിശാച് അവർക്കിടയിൽ കുഴപ്പങ്ങളും പ്രശ്നങ്ങളും ഭിന്നതകളും ഉണ്ടാക്കും. പിശാചാകട്ടെ മനുഷ്യന്റെ പ്രത്യക്ഷ ശത്രുവാണ് താനും. അഥവാ സംസാരം നല്ലതായിരിക്കണം. സംസാരം മോശമായാലോ? അവിടെ പിശാച് ഇടപെടും!

നാവ് കൊണ്ടുള്ള അക്രമം കാരണത്താൽ എത്രയെത്ര മനുഷ്യരാണിന്ന് കണ്ണീരിൽ കുതിർന്ന ജീവിതം നയിച്ചുകൊണ്ടിരിക്കുന്നത്! എത്രയെത്ര കുടുംബബന്ധങ്ങളും സാഹോദര്യബന്ധങ്ങളും മുറിക്കപ്പെട്ടു. മാതാപിതാക്കളും മക്കളും തമ്മിൽ, ഭാര്യയും ഭർത്താവും തമ്മിൽ, സഹോദരങ്ങൾ തമ്മിൽ, അയൽവാസികൾ തമ്മിൽ... അങ്ങനെ ആരെല്ലാം തമ്മിൽ പിണങ്ങിയും ബന്ധം മുറിച്ചും ജീവിക്കുന്നു!

മോശമായ സംസാരം നടത്തുമ്പോൾ അതിനനുസരിച്ചു പ്രവർത്തിക്കാൻ പിശാച് അവനെ പ്രേരിപ്പിക്കും. അങ്ങനെ മനുഷ്യസമൂഹത്തിൽ വലിയ പ്രശ്നങ്ങൾ പിശാച് ഇളക്കിവിടുന്നു. ചിലരുടെ വാക്കുകൾ കേട്ട് പലരും ആത്മഹത്യചെയ്യുന്നു. ചിലരുടെ വർത്തമാനങ്ങൾ ചിലരെ കൊലയാളികളാക്കുന്നു. ദിനേനയെന്നോണം വാർത്താ മാധ്യമങ്ങളിലൂടെ നാം അറിയുന്ന ധാരാളം വാർത്തകൾ നാം നേരത്തെ പറഞ്ഞ യാഥാർഥ്യങ്ങളെ സത്യപ്പെടുത്തുന്നവയാണ്.

ഈ വചനം വിശദീകരിക്കുന്നിടത്ത് പണ്ഡിതന്മാർ പറഞ്ഞു: 'ജനങ്ങളോട് സംസാരിക്കുമ്പോൾ അവരെ ആട്ടിയകറ്റുന്ന വാക്കുകൾ നിങ്ങൾ ഒഴിവാക്കുക. പകരം ജനങ്ങൾക്കിടയിൽ പരസ്പരസ്നേഹവും ഐക്യവും അടുപ്പവും ഉണ്ടാക്കുന്ന വാക്കുകൾ നിങ്ങൾ പറയുക.'

ക്വുർആനിലെ രണ്ടാം അധ്യായം സൂറതുൽബക്വറയിലെ 83ാം വചനത്തിൽ അല്ലാഹു പറഞ്ഞു: "...ജനങ്ങളോട് നിങ്ങൾ നല്ലവാക്ക് പറയുക...'' ഇതിന്റെ വിശദീകരണത്തിൽ നമുക്ക് പണ്ഡിതന്മാർ ഇങ്ങനെ എഴുതിയതായി കാണാം: 'ജനങ്ങളോട് നിങ്ങൾ നല്ലവാക്കുകൾ സംസാരിക്കണം; നന്മകൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ ആയിരുന്നാൽ പോലും. കടുത്തവാക്കുകളോ വെറുപ്പുളവാക്കുന്ന വാക്കുകളോ നിങ്ങൾ ഒരിക്കലും ഉപയോഗിക്കുകയും ചെയ്യരുത്.'

നമ്മുടെ സംസാരം അത് കേൾക്കുന്നവരുടെ മനസ്സിൽ സന്തോഷം ഉണർത്തുന്നതായിരിക്കണം. സത്യം തുറന്ന് പറയേണ്ടില്ല എന്ന് ഇതുകൊണ്ട് അർഥമാക്കരുത്. ആളുകളുടെ സന്തോഷത്തിനായി സത്യം മൂടിവെക്കാനോ കോട്ടിമാറ്റാനോ പാടില്ല. അവരിലെ തെറ്റുകൾ തിരുത്തുകയാണെങ്കിൽ പോലും. ഏറ്റവും നല്ല രൂപത്തിലായിരിക്കണം ഇടപെടൽ. ജനങ്ങളുടെ മനസ്സിൽ സന്തോഷവും സമാധാനവും ഉണർത്തുന്ന വാക്കുകളായിരിക്കണം സംസാരങ്ങളിൽ ഉണ്ടാകേണ്ടത്. അവരുടെ ദുഃഖവും പ്രയാസങ്ങളും വർധിക്കുന്നതിന് കാരണമാകുന്ന സംസാരം നാം ഒഴിവാക്കുകയും ചെയ്യുക. ആലോചിക്കുന്ന ജനങ്ങൾക്ക് എത്രയോ മഹത്തരമായ ഉപദേശങ്ങളാണ് അല്ലാഹു നൽകുന്നത്. എന്നാൽ ആലോചിച്ച് മനസ്സിലാക്കുവാൻ ആരെങ്കിലുമുണ്ടോ?!


## സ്കൂൾ ഓഫ് ഖുർആൻ സെന്ററുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം

മതശിക്ഷണ രംഗത്ത് ചുരുങ്ങിയ കാലം കൊണ്ട് ഏറെ ശ്രദ്ധയാകർഷിച്ച സ്കൂൾ ഓഫ് ഖുർആനിന്റെ പ്രാദേശിക സെന്ററുകൾക്ക് അപേക്ഷ ക്ഷണിച്ചു. ജാമിഅ അൽഹിന്ദിന്റെ കീഴിൽ അഞ്ച് വർഷം മുമ്പ് തുടക്കം കുറിച്ച ഈ മഹദ് സംരംഭത്തിന് ഇപ്പോൾ 17 സെന്ററുകളും ഒരു റസിഡൻഷ്യൽ ക്യാമ്പസുമാണുള്ളത്. പ്രാദേശിക സെന്ററുകൾ വഴി അഞ്ച് വർഷം പൂർത്തിയായ പഠിതാക്കളിൽ നിന്ന് മികവ് തെളിയിച്ച വിദ്യാർഥികളെ തെരഞ്ഞെടുത്ത് രാജ്യാന്തര നിലവാരമുള്ള ഭൗതിക പഠന സൗകര്യങ്ങളോടൊപ്പം അഞ്ച് വർഷം കൊണ്ട് ക്വുർആൻ സമ്പൂർണമായി ഹൃദിസ്ഥമാക്കാൻ അവസരം നൽകിക്കൊണ്ട് സമൂഹത്തിന്റെ ഉന്നതരംഗങ്ങളിൽ ഉയർന്ന കാഴ്ചപ്പാടും ധാർമികബോധമുള്ള വിദഗ്ധരെ വളർത്തിയെടുക്കുകയാണ് സ്കൂൾ ഓഫ് ഖുർആൻ ലക്ഷ്യമിടുന്നത്.

ജാമിഅ നിർദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുത്താൽ അധ്യാപക നിയമനവും ട്രൈനിംഗും ദൈനംദിന കാര്യങ്ങളും വേതനവുമടക്കം മുഴുവൻ ഹെഡ് ഓഫീസിൽ നിന്നും നിയന്ത്രിക്കുന്ന രീതിയിലാണ് സ്ഥാപനം ക്രമീകരിച്ചിരിക്കുന്നത്.

സെന്റർ സംബന്ധമായ വിശദവിവരങ്ങൾക്കും അപേക്ഷാഫോമിനും 9995588317 എന്ന നമ്പരിൽ ബന്ധപ്പെടുക.

School of Qur'an I Jamia Al-Hind Al-Islamiyya
Jamia Campus I Mini Ootty
Malappuram I Kerala I India I PIN 676519
www.schoolofquran.in I mail@schoolofquran.com

അബ്ദുൽ ജബ്ബാർ മദീനി
mail@nerpatham.com

ലേഖനം

ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ: 4



# നിസ്വാർഥത

ഉപകാരപ്രദമായ ഒരു വസ്തുവിന് താൻ ആവശ്യക്കാരനായിട്ടും തന്നെക്കാൾ മറ്റുള്ളവർക്ക് പ്രാമുഖ്യം കൽപിക്കുന്നതിന് ഈഥാർ എന്ന് അറബി ഭാഷയിൽ പറയും. ഔദാര്യത്തിന്റെയും ദാനവായ്പിന്റെയും ഏറ്റവും മികച്ച പദവിയാണത്. ഇത്തരം സ്വഭാവക്കാരെ പുകഴ്ത്തിയും ഇഹത്തിലും പരത്തിലും അവർ വിജയികളാണെന്ന് വ്യക്തമാക്കിയും ഒരു വിശുദ്ധ വചനമുണ്ട്. മദീനയിൽ നബിﷺയെയും മുഹാജിറുകളെയും മനസാ വാചാ കർമണാ സ്വീകരിച്ച മദീനക്കാരായ അൻസ്വാരികളുടെ വിഷയത്തിൽ അവതീർണമായതാണ് പ്രസ്തുത വചനം:

"അവരുടെ (മുഹാജിറുകളുടെ) വരവിനു മുമ്പായി വാസസ്ഥലവും വിശ്വാസവും സ്വീകരിച്ചുവെച്ചവർക്കും (അൻസ്വാറുകൾക്ക്). തങ്ങളുടെ അടുത്തേക്ക് സ്വദേശം വെടിഞ്ഞു വന്നവരെ അവർ സ്നേഹിക്കുന്നു. അവർക്ക് (മുഹാജിറുകൾക്ക്) നൽകപ്പെട്ട ധനം സംബന്ധിച്ചു തങ്ങളുടെ മനസ്സുകളിൽ ഒരു ആവശ്യവും അവർ (അൻസ്വാറുകൾ) കണ്ടെത്തുന്നുമില്ല. തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും" (ക്വുർആൻ 59: 9).

ഇമാം ഇബ്നുകഥീർ പറഞ്ഞു: 'അഥവാ, അൻസ്വാരികൾ തങ്ങളുടെ ആവശ്യങ്ങളെക്കാൾ ഇതര ആവശ്യക്കാരെ മുന്തിപ്പിക്കുന്നു. തങ്ങൾ ഒരു കാര്യത്തിന് ആവശ്യമുള്ളവരായിരിക്കെ തന്നെ തങ്ങൾക്കു മുമ്പായി അവർ ജനങ്ങളിൽ തുടങ്ങുന്നു.'

തങ്ങൾക്കു സ്വാർഥമായത് ചെലവഴിക്കുന്നതിന്റെ മഹത്ത്വമറിയിച്ചുകൊണ്ട് അല്ലാഹു പറയുന്നു: "നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾക്ക് പുണ്യം നേടാനാവില്ല. നിങ്ങൾ ഏതൊരു വസ്തു ചെലവഴിക്കുന്നതായാലും തീർച്ചയായും അല്ലാഹു അതിനെപ്പറ്റി അറിയുന്നവനാകുന്നു" (ക്വുർആൻ 3:92).

"തീർച്ചയായും പുണ്യവാന്മാർ (സ്വർഗത്തിൽ) ഒരു പാനപാത്രത്തിൽ നിന്ന് കുടിക്കുന്നതാണ്. അതിന്റെ ചേരുവ കർപ്പൂരമായിരിക്കും. അല്ലാഹുവിന്റെ ദാസന്മാർ കുടിക്കുന്ന ഒരു ഉറവു വെള്ളമത്രെ അത്. അവരത് പൊട്ടിച്ചൊഴുക്കിക്കൊണ്ടിരിക്കും. നേർച്ച അവർ നിറവേറ്റുകയും ആപത്തു പടർന്നുപിടിക്കുന്ന ഒരു ദിവസത്തെ അവർ ഭയപ്പെടുകയും ചെയ്യും. ആഹാരത്തോട് പ്രിയമുള്ളതോടൊപ്പം തന്നെ അഗതിക്കും അനാഥയ്ക്കും തടവുകാരന്നും അവരത് നൽകുകയുംചെയ്യും. (അവർ പറയും:) അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്കു ആഹാരം നൽകുന്നത്. നിങ്ങളുടെ പക്കൽ നിന്നു യാതൊരു പ്രതിഫലവും നന്ദിയും ഞങ്ങൾ ആഗ്രഹിക്കുന്നില്ല" (ക്വുർആൻ 76:5-9).

തങ്ങളെക്കാൾ മറ്റുള്ളവർക്ക് പ്രാമുഖ്യം കൽപിക്കുന്നതിന്റെ മഹത്ത്വവും അത്തരക്കാരുടെ സ്ഥാനവും അറിയിക്കുന്ന ഒരുസംഭവം ഇമാം ബുഖാരി അബൂമൂസൽഅശ്അരി ؓ യിൽനിന്ന് നിവേദനം ചെയ്യുന്നു:

"യുദ്ധത്തിൽ അശ്അരികളുടെ ഭക്ഷണം തീർന്നാൽ, അല്ലെങ്കിൽ മദീനയിൽ അവരുടെ കുടുംബത്തിന്റെ ഭക്ഷണം കമ്മിയായാൽ അവരുടെ അടുക്കലുള്ളതെല്ലാം ഒരു വസ്ത്രത്തിൽ ശേഖരിക്കും. പിന്നീട് ഒരു പാത്രത്തിൽ തന്നെ അവർക്കിടയിൽ തുല്യമായി വീതിക്കും. അവർ എന്നിൽ പെട്ടവരാണ്. ഞാൻ അവരിൽ പെട്ടവനും"(ബുഖാരി).

ഭക്ഷണം കഴിക്കുമ്പോൾ മാന്യത കാണിക്കുക, സമത്വം കാണിക്കുക, സ്വന്തത്തെക്കാൾ മറ്റുള്ളവർക്ക് പ്രാമുഖ്യം കൽപിക്കുക എന്നിവയ്ക്കു പ്രോത്സാഹനമേകുന്ന ഒരു തിരുമൊഴി നോക്കൂ. ജാബിറി ؓ ൽ നിന്ന് നിവേദനം ചെയ്യുന്നു. തിരുദൂതർ ﷺ പറയുന്നത് ഞാൻ കേട്ടു:

"ഒരാളുടെ ഭക്ഷണം രണ്ടു പേർക്ക് മതിയാകും. രണ്ടു പേരുടെ ഭക്ഷണം നാലു പേർക്ക് മതിയാകും. നാലുപേരുടെ ഭക്ഷണം എട്ടു പേർക്ക് മതിയാകും" (മുസ്‌ലിം).

ജാബിർ ؓ പറയുന്നു: ഒരു യുദ്ധയാത്ര ഉദ്ദേശിച്ചപ്പോൾ നബി ﷺ പറഞ്ഞു: "മുഹാജിർ, അൻസ്വാരീ സമൂഹമേ, നിങ്ങളുടെ സഹോദരങ്ങളിൽ ഒരു വിഭാഗത്തിന് സ്വത്തുക്കളോ സ്വന്തക്കാരോ ഇല്ല. അതിനാൽ നിങ്ങളിലൊരാൾ ഒരു വ്യക്തിയെ അല്ലെങ്കിൽ രണ്ടു വ്യക്തികളെ തന്നിലേക്ക് ചേർത്തു കൊള്ളട്ടെ. ഞങ്ങളിലാകട്ടെ ഒരാൾക്കും അവരെ ഊഴമനുസരിച്ച് വഹിക്കാവുന്ന ഒരു ഒട്ടകമല്ലാതെ ഇല്ലതാനും. അങ്ങനെ ഞാൻ എന്നിലേക്ക് രണ്ട് അല്ലെങ്കിൽ മൂന്ന് ആളുകളെ ചേർത്തു."

ജാബിർ ؓ പറയുന്നു: എന്റെ ഒട്ടകപ്പുറത്ത് എനിക്കു സഞ്ചരിക്കുവാൻ അവർക്കുള്ള ഊഴമല്ലാതെ ഒരു ഊഴം എനിക്കുണ്ടായിരുന്നില്ല."[1]

**അനുപമ മാതൃകകൾ**

തന്നെക്കാൾ മറ്റുള്ളവർക്ക് പ്രാമുഖ്യം കൽപിക്കുന്ന തിരുദൂതരുടെയും അനുചരന്മാരുടെയും മഹനീയ മാതൃകകൾ ധാരാളമാണ്. ചിലത് ഇവിടെ നൽകുന്നു. സഹ്ൽ ഇബ്നു സഅ്ദി ؓ ൽ നിന്ന് നിവേദനം:

"ഒരു മഹതി ഒരു ബുർദയുമായി വന്നു. സഹ്ൽ ؓ ചോദിച്ചു: 'ബുർദ എന്താണെന്ന് നിങ്ങൾക്കറിയുമോ?' അദ്ദേഹത്തോട് പറയപ്പെട്ടു: 'കരയിൽ നെയ്തുള്ള ഒരു വസ്ത്രമാണത്.' ആ മഹതി പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, അങ്ങയെ ധരിപ്പിക്കുവാൻ എന്റെ കൈകൊണ്ട് ഞാൻ ഇത് നെയ്തുണ്ടാക്കിയിരിക്കുന്നു.' അതിന് ആവശ്യക്കാരനെന്ന നിലയ്ക്ക് തിരുമേനി അത് സ്വീകരിച്ചു. അത് ഉടുമുണ്ടായി ധരിച്ചുകൊണ്ട് അവിടുന്ന് ഞങ്ങളുടെ അടുത്തേക്ക് വന്നു. അപ്പോൾ ജനങ്ങളിൽ ഒരാൾ പറഞ്ഞു: 'തിരുദൂതരേ, അത് എനിക്ക് ധരിപ്പിച്ചാലും.' തിരുമേനി ﷺ പറഞ്ഞു: 'അതെ.' നബി ﷺ സദസ്സിൽ ഇരുന്നു. ശേഷം തിരുമേനി മടങ്ങുകയും ആ തുണി മടക്കി ആ വ്യക്തിക്ക് കൊടുത്തയക്കുകയും ചെയ്തു. ആളുകൾ അയാളോട് പറഞ്ഞു: 'താങ്കൾ ചെയ്തത് ശരിയായില്ല. ചോദിക്കുന്നവനെ നബി ﷺ വെറുതെ മടക്കില്ലെന്ന് അറിയാമായിരുന്നിട്ടും അദ്ദേഹത്തോട് താങ്കളത് ചോദിച്ചു.' അയാൾ പറഞ്ഞു: 'അല്ലാഹുവാണേ സത്യം! ഞാൻ മരിക്കുന്ന ദിവസം എന്റെ കഫൻ തുണിയാക്കുവാൻ മാത്രമാണ് അത് ഞാൻ ചോദിച്ചത്.' സഹ്ൽ ؓ പറയുന്നു: 'അങ്ങനെ അതായിരുന്നു അയാളുടെ കഫൻ തുണി" (ബുഖാരി).

അബൂഹുറയ്റ ؓ യിൽ നിന്ന് നിവേദനം: "ഒരു വ്യക്തി നബി ﷺ യുടെ അടുക്കൽ വന്നു. തന്റെ ഭാര്യമാരുടെ അടുക്കലേക്ക് (ആഗതനെ സൽകരിക്കു

വാൻ ഭക്ഷണമുണ്ടോ എന്നന്വേഷിച്ച്) തിരുമേനി ആളെ വിട്ടു. അവർ പറഞ്ഞു: 'ഞങ്ങളുടെ അടുക്കൽ വെള്ളം മാത്ര മാണുള്ളത്.' തിരുദൂതർﷺ പറഞ്ഞു: 'ആരാണ് ഇയാളെ വിരുന്നുകാരനായി കൂടെകൂട്ടുക?' അൻസ്വാരികളിൽപെട്ട ഒരു വ്യക്തി ഞാൻ സന്നദ്ധനാണെന്ന് പറയുകയും തന്റെ ഭാര്യയുടെ അടുക്കലേക്ക് അദ്ദേഹത്തെ കൊണ്ടുപോവുകയും ചെയ്തു. അദ്ദേഹം ഭാര്യയോട് പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരുടെ അതിഥിയെ ആദരിക്കുക.' അവർ പറഞ്ഞു: 'എന്റെ അടുക്കൽ മക്കൾക്കുള്ള ഭക്ഷണമല്ലാതെ യാതൊന്നുമില്ല.' അദ്ദേഹം പറഞ്ഞു: 'ഭക്ഷണം ഒരുക്കുക. വിളക്ക് കത്തിക്കുക. കുട്ടികൾ രാത്രിഭക്ഷണം ആവശ്യപ്പെട്ടാൽ അവരെ ഉറക്കുക.' അങ്ങനെ അവർ ഭക്ഷണം തയ്യാറാക്കി, വിളക്കു കത്തിച്ചു, മക്കളെ കിടത്തിയുറക്കി. ശേഷം അവർ വിളക്ക് ശരിയാക്കുവാനെന്നോണം എഴുന്നേൽക്കുകയും വിളക്ക് കെടുത്തുകയും ചെയ്തു. ഭാര്യാഭർത്താക്കന്മാർ ഭക്ഷിക്കുന്നവരായി അതിഥിക്കു മുന്നിൽ നടിക്കുകയും വിശപ്പിനാൽ ചുരുണ്ടുകൂടി രാത്രി കഴിച്ചുകൂട്ടുകയും ചെയ്തു. പുലർന്നപ്പോൾ അവരിരുവരും തിരുദൂതരുടെ അടുക്കൽ ചെന്നു. തിരുമേനിﷺ പറഞ്ഞു: 'നിങ്ങൾ രണ്ടു പേരുടെയും ചെയ്തികളിൽ അല്ലാഹു ചിരിച്ചു-അല്ലെങ്കിൽ ആശ്ചര്യപ്പെട്ടു.' ഈ സന്ദർഭത്തിൽ അല്ലാഹു ഈ വചനം അവതരിപ്പിച്ചു:

"തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും. ഏതൊരാൾ തന്റെ മനസ്സിന്റെ പിശുക്കിൽ നിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ അത്തരക്കാർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ" (ക്വുർആൻ 59:10).

ഈ വിഷയത്തിൽ അബൂബക്ർ رضي الله عنه മഹനീയ മാതൃകയാണ്. ഒരിക്കൽ അദ്ദേഹം അലിയ്യി رضي الله عنه നോട് പറഞ്ഞു: "അല്ലാഹുവാണേ സത്യം! എന്റെ കുടുംബത്തോടു ബന്ധം ചാർത്തുന്നതിനെക്കാൾ നബിﷺയുടെ കുടുംബത്തോടുള്ള ബന്ധം ചാർത്തലാകുന്നു എനിക്ക് ഏറെ ഇഷ്ടകരം."

അമീറുൽമുഅ്മിനീൻ ഉമറി رضي الله عنه ന് കുത്തേറ്റ സന്ദർഭത്തിൽ മകൻ അബ്ദുല്ല رضي الله عنه യെ വിളിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: 'ഉമ്മുൽ മുഅ്മിനീൻ ആഇശയുടെ അടുക്കലേക്ക് നീ ചെല്ലുക.' ഉമറുബ്നുൽഖത്ത്വാബ് നിങ്ങൾക്ക് സലാം പറഞ്ഞിരിക്കുന്നു എന്ന് പറയുകയും എന്റെ രണ്ട് കൂട്ടുകാരോടൊത്തു ഞാൻ മറമാടപ്പെടുന്നതിനെ കുറിച്ച് അവരോട് ചോദിക്കുകയും ചെയ്യുക.' ആഇശ رضي الله عنها പറഞ്ഞു: 'എനിക്കായി ഞാൻ ഉദ്ദേശിച്ച സ്ഥലമായിരുന്നു അത്. എന്നാൽ ഇന്ന് ഞാൻ അദ്ദേഹത്തിന് എന്നേക്കാൾ പ്രാമുഖ്യം കൽപിക്കുക തന്നെ ചെയ്യും.' അബ്ദുല്ല رضي الله عنه തിരിച്ചു വന്നപ്പോൾ ഉമർ رضي الله عنه ചോദിച്ചു: 'എന്താണ് അവരുടെ പ്രതികരണം?' 'അമീറുൽ മുഅ്മിനീൻ, അവർ നിങ്ങൾക്ക് അനുവദിച്ചിരിക്കുന്നു.' ഉമർ رضي الله عنه പറഞ്ഞു: 'ആ ക്വബ്റിടത്തോളം പ്രധാനമായ ഒന്നും എനിക്കുണ്ടായിരുന്നില്ല. ഞാൻ മരണപ്പെട്ടാൽ നിങ്ങൾ എന്റെ ജനാസ വഹിക്കുകയും സലാം പറയുകയും ഉമർ അനുവാദം ചോദിക്കുന്നു എന്ന് പറയുകയും ചെയ്യുക. അവർ എനിക്ക് അനുവാദം നൽകിയാൽ നിങ്ങൾ എന്നെ മറമാടുക. അനുവാദം നൽകിയില്ലെങ്കിൽ മുസ്‌ലിംകളുടെ മക്വ്ബറയിലേക്ക് എന്നെ തിരിച്ചു കൊണ്ടുപോവുക."



ആഇശ رضي الله عنها യിൽ നിന്ന് നിവേദനം: "എന്റെ അടുക്കലേക്ക് ഒരു സാധുസ്ത്രീ തന്റെ രണ്ടു പെൺമക്കളെയും വഹിച്ചുകൊണ്ടുവന്നു. ഞാൻ അവർക്ക് മൂന്നു കാരക്കകൾ തിന്നുവാൻ നൽകി. അവർ രണ്ടു കുട്ടികൾക്കും ഒരോ കാരക്ക വീതം നൽകി. ഒരു കാരക്ക അവർ തിന്നുവാൻ തന്റെ വായിലേക്ക് ഉയർത്തി. അപ്പോൾ ആ രണ്ടു പെൺമക്കൾ ഉമ്മയോട് ആ കാരക്കയും അവർക്ക് തിന്നുവാൻ ചോദിച്ചു. അപ്പോൾ ആ ഉമ്മ താൻ തിന്നുവാൻ ഉദ്ദേശിച്ച കാരക്ക രണ്ടാക്കി ചീന്തി അവർക്കിടയിൽ വീതിച്ചു നൽകി. അവരുടെ കാര്യം എന്നെ ആശ്ചര്യപ്പെടുത്തി. അവർ പ്രവർത്തിച്ചത് അല്ലാഹുവിന്റെ ദൂതരോട് ഞാൻ ഉണർത്തി. അപ്പോൾ തിരുദൂതർﷺ പറഞ്ഞു: നിശ്ചയം, അല്ലാഹു അവർക്ക് ആ കാരക്കകൊണ്ട് സ്വർഗം അനിവാര്യമാക്കി. അല്ലെങ്കിൽ അതിനാൽ അല്ലാഹു അവരെ നരകത്തിൽ നിന്നും മോചിപ്പിച്ചു" (മുസ്‌ലിം).

അർഷദ് അൽഹികമി, താനൂർ
arshadtnr@gmail.com

ലേഖനം

# തേൻമൊഴി 150ന്റെ നിറവിൽ

പൊതുജനങ്ങൾക്കായി വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ 'നേർവഴി' എന്ന പേരിൽ പുറത്തിറക്കുന്ന ഹ്രസ്വ സംസാരങ്ങൾ പോലെ, കുട്ടികൾക്കായി എന്തുകൊണ്ട് ഒരു സന്ദേശപരമ്പര അവതരിപ്പിച്ചു കൂടാ എന്ന ചിന്തയിൽ നിന്നാണ് 'തേൻമൊഴി' പിറവികൊള്ളുന്നത്. 2018 ഏപ്രിൽ, മെയ് അവധിക്കാലത്ത് ദിനേന കുരുന്നുകൾക്കായി ഇത്തരം ശബ്ദസന്ദേശങ്ങൾ ഇറക്കാം എന്ന് യോഗങ്ങളിൽ തീരുമാനമായി. ശേഷം ബാലവേദി രംഗത്തെ ഫാക്കൽറ്റികളിൽ നിന്നും ശബ്ദ സന്ദേശങ്ങൾ റെക്കോർഡ് ചെയ്ത് വാങ്ങിക്കൊണ്ടിരുന്ന സന്ദർഭത്തിലാണ് അവധിക്കാലത്തിന് തൊട്ടുമുമ്പുള്ള സംസ്ഥാന പ്രവർത്തകസമിതി യോഗം ചേരുന്നത്. കുട്ടികൾക്ക് ഓഡിയോയെക്കാൾ വീഡിയോ സന്ദേശമാണ് അനുയോജ്യമാവുകയെന്നും അതുകൊണ്ട് 'തേൻമൊഴി' വീഡിയോ രൂപത്തിൽ തന്നെ പുറത്തിറക്കണമെന്നും യോഗത്തിൽ തീരുമാനമുണ്ടായി.

അങ്ങനെ, 2018 ഏപ്രിൽ ഒന്നിന് ആദ്യ 'തേൻമൊഴി' വീഡിയോ അബ്ദുറഷീദ് കൂട്ടമ്പൂരിന്റെ ശബ്ദസന്ദേശത്തോടെ പുറത്തിറങ്ങി. തേൻമൊഴിക്ക് വലിയ സ്വീകാര്യതയാണ് തുടക്കത്തിൽ തന്നെ ലഭിച്ചു കൊണ്ടിരുന്നത്. കുട്ടികൾ തേൻമൊഴിയെ കേവല ആസ്വാദനത്തിനപ്പുറം അറിവ് ശേഖരണോപാധിയായി കാണണമെന്ന ആശയത്തിന്റെ ഫലമായി ഒരു മാസം കഴിഞ്ഞപ്പോൾ, അഥവാ 30 എപ്പിസോഡുകൾ പൂർത്തിയായ സമയത്ത് ആദ്യ ഓൺലൈൻ എക്സാം നടത്തുകയുണ്ടായി. ഓൺലൈനായി തന്നെ രജിസ്റ്റർ ചെയ്ത് 25 ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്ന രൂപത്തിലാണ് എക്സാം നടന്നത്. തുടർന്ന് 60 എപ്പിസോഡിന് ശേഷം രണ്ടാമത്തെ ഓൺലൈൻ എക്സാമും സംഘടിപ്പിച്ചു.

ഇതോടെ, നേരത്തെ നിശ്ചയിച്ചതുപ്രകാരം വേനൽ അവധിക്കാലം തീർന്നതോടെ ദിനേന പുറത്തുവിട്ടിരുന്ന 'തേൻമൊഴി' അവസാനിപ്പിച്ചു. എന്നാൽ പിന്നീടായിരുന്നു തേൻമൊഴിയുടെ വമ്പിച്ച സ്വീകാര്യത ബോധ്യപ്പെടും വിധമുള്ള ഫോൺ വിളികളും മെസേജുകളും ഫീഡ്ബാക്കുകളുമെല്ലാം സംസ്ഥാന സമിതിയെയും ബാലവേദി വിംഗിനെയും തേടിവന്നത്. എല്ലാവരുടെയും ആവശ്യം തേൻമൊഴി അവസാനിപ്പിക്കരുത്, ഇനിയും തുടരണം എന്നായിരുന്നു. അതോടെ സംസ്ഥാന സമിതി യോഗത്തിൽ ചർച്ച ചെയ്യുകയും തേൻമൊഴി അവസാനിപ്പിക്കേണ്ടതില്ല, തുടരണം എന്ന് തീരുമാനമെടുക്കുകയും ചെയ്തു. എല്ലാ ഞായറാഴ്ചകളിലും പ്രധാനപ്പെട്ട വിശേഷ ദിനങ്ങളിലും തേൻമൊഴി ഇപ്പോഴും പുറത്തിറങ്ങിക്കൊണ്ടിരിക്കുന്നു.

കുട്ടികൾക്ക് ആവശ്യമായ ധാർമിക, വിശ്വാസ, കർമ, സ്വഭാവ രംഗങ്ങളിലേക്കെല്ലാം വെളിച്ചം വീശുന്ന തേൻമൊഴികൾ ഇതിനകം പുറത്തുവന്നു കഴിഞ്ഞു. ഒപ്പം അക്കാദമിക, സാമൂഹിക, രാഷ്ട്രീയ രംഗങ്ങളിലെ പ്രധാന വിഷയങ്ങളും കുട്ടികൾക്ക് അനുയോജ്യമാം വിധം തേൻമൊഴിയിൽ വരാറുണ്ട്. നിലവിൽ എല്ലാ ഞായറാഴ്ചകളിലും 'വിസ്ഡം ഗ്ലോബൽ ടിവി' എന്ന യൂട്യൂബ് ചാനലിലും 'വിസ്ഡം സ്റ്റുഡൻറ്സ്' എന്ന ഫേസ്ബുക്ക് ചാനലിലുമാണ് തേൻമൊഴി ലഭ്യമാകുക.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 67, ഭാഗം: 3

# മുൽക് (ആധിപത്യം)

(മക്കയിൽ അവതരിച്ചത്)

وَأَسِرُّوا۟ قَوْلَكُمْ أَوِ ٱجْهَرُوا۟ بِهِۦٓ ۖ إِنَّهُۥ عَلِيمٌۢ
بِذَاتِ ٱلصُّدُورِ ﴿١٣﴾
أَلَا يَعْلَمُ مَنْ خَلَقَ وَهُوَ ٱللَّطِيفُ ٱلْخَبِيرُ ﴿١٤﴾
هُوَ ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ ذَلُولًا
فَٱمْشُوا۟ فِى مَنَاكِبِهَا وَكُلُوا۟ مِن رِّزْقِهِۦ ۖ وَإِلَيْهِ
ٱلنُّشُورُ ﴿١٥﴾
ءَأَمِنتُم مَّن فِى ٱلسَّمَآءِ أَن يَخْسِفَ بِكُمُ
ٱلْأَرْضَ فَإِذَا هِىَ تَمُورُ ﴿١٦﴾
أَمْ أَمِنتُم مَّن فِى ٱلسَّمَآءِ أَن يُرْسِلَ عَلَيْكُمْ
حَاصِبًا ۖ فَسَتَعْلَمُونَ كَيْفَ نَذِيرِ ﴿١٧﴾
وَلَقَدْ كَذَّبَ ٱلَّذِينَ مِن قَبْلِهِمْ فَكَيْفَ كَانَ
نَكِيرِ ﴿١٨﴾

13. നിങ്ങളുടെ വാക്ക് നിങ്ങൾ രഹസ്യമാക്കുക. അല്ലെങ്കിൽ പരസ്യമാക്കിക്കൊള്ളുക. തീർച്ചയായും അവൻ (അല്ലാഹു) ഹൃദയങ്ങളിലുള്ളത് അറിയുന്നവനാകുന്നു.

14. സൃഷ്ടിച്ചുണ്ടാക്കിയവൻ (എല്ലാം) അറിയുകയില്ലേ? അവൻ നിഗൂഢരഹസ്യങ്ങൾ അറിയുന്നവനും സൂക്ഷ്മജ്ഞാനിയുമാകുന്നു.

15. അവനാകുന്നു നിങ്ങൾക്ക് വേണ്ടി ഭൂമിയെ വിധേയമാക്കി തന്നവൻ. അതിനാൽ അതിന്റെ ചുമലുകളിലൂടെ നിങ്ങൾ നടക്കുകയും അവന്റെ ഉപജീവനത്തിൽ നിന്ന് ഭക്ഷിക്കുകയും ചെയ്തു കൊള്ളുക. അവങ്കലേക്ക് തന്നെയാണ് ഉയിർത്തെഴുന്നേൽപ്.

16. ആകാശത്തുള്ളവൻ നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായിരിക്കുകയാണോ? അപ്പോൾ അത് (ഭൂമി) ഇളകിമറിഞ്ഞു കൊണ്ടിരിക്കും.

17. അതല്ല, ആകാശത്തുള്ളവൻ നിങ്ങളുടെ നേരെ ഒരു ചരൽവർഷം അയക്കുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായിരിക്കുകയാണോ? എന്റെ താക്കീത് എങ്ങനെയുണ്ടെന്ന് നിങ്ങൾ വഴിയെ അറിഞ്ഞുകൊള്ളും.

18. തീർച്ചയായും അവർക്ക് മുമ്പുള്ളവരും നിഷേധിച്ചു തള്ളിയിട്ടുണ്ട്. അപ്പോൾ എന്റെ പ്രതിഷേധം എങ്ങനെയായിരുന്നു?

13). തുടർന്ന് അറിയിക്കുന്നത് അല്ലാഹുവിന്റെ അറിവിന്റെ വിശാലതയും സ്നേഹത്തിന്റെ സമ്പൂർണതയുമാണ്. (നിങ്ങളുടെ വാക്ക് നിങ്ങൾ രഹസ്യമാക്കുക. അല്ലെങ്കിൽ പരസ്യമാക്കിക്കൊള്ളുക) ഇത് രണ്ടും അവന് ഒരു പോലെയാണ്. ഒരു സ്വകാര്യവും അവന്റെ അടുക്കൽ മറഞ്ഞുകിടക്കില്ല.

(തീർച്ചയായും അവർ ഹൃദയങ്ങളിലുള്ളത് അറിയുന്നവനാകുന്നു) അതായത്, മനസ്സിന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും കാണുകയും കേൾക്കുകയും ചെയ്യുന്നു. അപ്പോൾ വാക്കുകളുടെയും പ്രവൃത്തികളുടെയും കാര്യം എങ്ങനെയായിരിക്കും? പിന്നീട് പറഞ്ഞത് അവന്റെ അറിവിന് ബുദ്ധിപരമായ ഒരു തെളിവാണ്: (സൃഷ്ടിച്ചുണ്ടാക്കിയവൻ എല്ലാം അറിയുകയില്ലേ?) അതായത്, സൃഷ്ടികളെ ഉണ്ടാക്കുകയും ഭദ്രമാക്കുകയും മനോഹരമാക്കുകയും ചെയ്തവൻ എങ്ങനെ അറിയാതിരിക്കും!

(അവൻ നിഗൂഢ രഹസ്യങ്ങൾ അറിയുന്നവനും സൂക്ഷ്മജ്ഞാനിയുമാകുന്നു) അവന്റെ അറിവും വിവരവും സൂക്ഷ്മമായിരിക്കുന്നു. മറഞ്ഞതും അവ്യക്തമായതും ഹൃദയരഹസ്യങ്ങൾ പോലും അറിയും വിധം രഹസ്യമായതും അത്യന്തം നിഗൂഢമായതും അറിയുന്നവൻ.

(اللطيف) എന്നതിന് തന്റെ അടിമയോടും മിത്രങ്ങളോടും വാൽസല്യം കാണിക്കുന്നവൻ എന്ന അർഥം കൂടിയുണ്ട്. അവരറിയാത്ത നിലയിൽ അവർക്ക് ഗുണങ്ങളെത്തിക്കുകയും അവരറിയാത്ത വിധത്തിൽ ദോഷങ്ങളെ തടുക്കുകയും ചെയ്യുന്നു. അവരെ ഉന്നതമായ സ്ഥാനങ്ങളിലേക്ക് ഉയർത്തുന്നു. അതിന് പ്രത്യേക കാരണങ്ങൾ അടിമയിൽ നിന്ന് ഉണ്ടാകണമെന്നില്ല. ചിലപ്പോൾ ഏറെ ഇഷ്ടകരമായതിലേക്കെത്താൻ അവനെ അനിഷ്ടകരമായത് അനുഭവിപ്പിച്ചെന്നും വരാം.

അവൻ ഭൂമിയെ നിങ്ങൾക്ക് കീഴ്പെടുത്തിതരികയും സൗകര്യപ്പെടുത്തുകയും ചെയ്തു. നിങ്ങളുടെ ആവശ്യങ്ങൾ നിർവഹിക്കത്തക്ക വിധം; കൃഷി, കെട്ടിട നിർമാണം എന്നിവയ്ക്കെല്ലാം. വിദൂര രാജ്യങ്ങളിലേക്കും അകന്ന പ്രദേശങ്ങളിലേക്കും എത്തിപ്പെടാനുള്ള വഴികൾ സൗകര്യപ്പെടുന്ന വിധത്തിലും.

(അതിന്റെ ചുമലുകളിലൂടെ നിങ്ങൾ നടക്കുകയും ചെയ്യുക) സമ്പാദ്യവും ഭക്ഷണവും അന്വേഷിച്ച്. (അവന്റെ ഉപജീവനത്തിൽ നിന്ന് ഭക്ഷിക്കുകയും ചെയ്യുക. അവങ്കലേക്ക് തന്നെയാണ് ഉയിർത്തെഴുന്നേൽപ്) അതായത് പരലോകത്തേക്ക് ആവശ്യമായത് നേടാനും പരീക്ഷണത്തിനുമായി അല്ലാഹു നിശ്ചയിച്ച ഈ ലോകത്ത് നിന്നും നിങ്ങൾ പോയതിനു ശേഷം. മരണശേഷം നിങ്ങൾ ഉയിർത്തെഴുന്നേൽക്കപ്പെടുകയും അല്ലാഹുവിങ്കലേക്ക് ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്യും. നിങ്ങളുടെ നല്ലതും ചീത്തയുമായ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകപ്പെടാൻ.

**ആകാശത്തുനിന്നോ ഭൂമിയിൽനിന്നോ അല്ലാഹു വല്ല ശിക്ഷയും നിങ്ങളെ ശിക്ഷിച്ചാൽ അതിൽ നിങ്ങൾ നിർഭയരാകുമെന്ന് വിചാരിക്കരുത്. അപ്പോൾ നിങ്ങളുടെ പ്രവർത്തനങ്ങളുടെ ദുഷ്പരിണതി നിങ്ങളനുഭവിക്കും. കാലം ദീർഘിച്ചാലും കുറഞ്ഞാലും ശരി. നിങ്ങൾക്ക് മുമ്പുള്ളവരും ഇതുപോലെ കളവാക്കിയിട്ടുണ്ട്. അപ്പോൾ അല്ലാഹു അവരെ നശിപ്പിച്ചു.**

16). അതിക്രമങ്ങളിലും അതിരുവിട്ട ജീവിതത്തിലും അനുസരണക്കേടിലും തുടർന്ന് പോകുന്നവർക്ക് ശിക്ഷ ലഭിക്കുമെന്നും നടപടികൾ നിർബന്ധമാണെന്നും താക്കീത് ചെയ്യുകയും ഭയപ്പെടുത്തുകയുമാണ് ഇവിടെ. (ആകാശത്തുള്ളവനെപ്പറ്റി നിങ്ങൾ നിർഭയരായിരിക്കുകയാണോ?) സൃഷ്ടികൾക്ക് മേലെയുള്ളവനായവൻ. (നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെപ്പറ്റി. അപ്പോൾ അത് (ഭൂമി) ഇളകിമറിഞ്ഞുകൊണ്ടിരിക്കും). നിങ്ങൾ നാശമടയുന്നതു വരെ ഭൂമി നിങ്ങളെയും കൊണ്ട് ഇളകിമറിഞ്ഞുകൊണ്ടിരിക്കും.

17,18). (അതല്ല, ആകാശത്തുള്ളവൻ നിങ്ങൾക്കു നേരെ ഒരു ചരൽ വർഷം അയക്കുന്നതിനെ പറ്റി നിങ്ങൾ നിർഭയരായിരിക്കുകയാണോ?) നിങ്ങളുടെ മേൽ ആകാശത്തുനിന്നും കല്ലുകൾ പതിക്കുകയും അല്ലാഹു നിങ്ങളിൽ നിന്ന് ശിക്ഷാനടപടി സ്വീകരിക്കുകയും ചെയ്യുന്നതിനെ പറ്റി. (എന്റെ താക്കീത് എങ്ങനെയുണ്ടെന്ന് വഴിയെ നിങ്ങൾ അറിഞ്ഞുകൊള്ളും) വേദഗ്രന്ഥങ്ങളും പ്രവാചകന്മാരും താക്കീത് ചെയ്ത ശിക്ഷ എങ്ങനെയായിരിക്കുമെന്ന്. ആകാശത്തുനിന്നോ ഭൂമിയിൽനിന്നോ അല്ലാഹു വല്ല ശിക്ഷയും നിങ്ങളെ ശിക്ഷിച്ചാൽ അതിൽ നിങ്ങൾ നിർഭയരാകുമെന്ന് വിചാരിക്കരുത്. അപ്പോൾ നിങ്ങളുടെ പ്രവർത്തനങ്ങളുടെ ദുഷ്പരിണതി നിങ്ങളനുഭവിക്കും. കാലം ദീർഘിച്ചാലും കുറഞ്ഞാലും ശരി. നിങ്ങൾക്ക് മുമ്പുള്ളവരും ഇതുപോലെ കളവാക്കിയിട്ടുണ്ട്. അപ്പോൾ അല്ലാഹു അവരെ നശിപ്പിച്ചു. അവരോടുള്ള അല്ലാഹുവിന്റെ പ്രതിഷേധം എങ്ങനെയുണ്ടെന്ന് നോക്കൂ. പരലോക ശിക്ഷക്കു മുമ്പ് ഇഹലോകത്ത് അവർക്ക് അല്ലാഹു ശിക്ഷ നൽകി. അവർക്ക് സംഭവിച്ചത് നിങ്ങൾക്കും സംഭവിക്കുന്നതിനെ കുറിച്ച് നിങ്ങൾ ഭയപ്പെടുക.

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# ഐക്യകാഹളം

**(രീതി: ഹഖാന കോൻ അമറാൽ)**

മുത്തായ ഭാരതത്തിൽ മൗത്തോളം ഒത്തൊരുമയോടൊത്ത് വാണിടുവാനായ്
മന്നാനവന്റെ തുണയല്ലാതെയില്ല തണി പാണികൾ നീട്ടിരവോതാം
മോഡിജി നാട് വാഴും കാലത്തിലിന്ത്യയിലെ ജനമാകെ കണ്ണുനീരിലാ
തൊഴിലും വരുമാനമില്ല തൊഴിയും പഴിയേറെയുണ്ട് കുഴയുന്നു നാടിനവസ്ഥ
(മുത്തായ...)

അന്നേരമെത്തിടുന്നു പൗരത്വ ഭേദഗതി ബില്ലൊന്ന് പത്തിവിടർത്തി
കത്തുന്ന തീയിലെണ്ണ പാരുന്ന പോലെയെത്തി എൻആർസി എന്നൊരു കത്തി
അധികാരത്തിന്റെ ഹുങ്ക് കടിഞ്ഞാണില്ലാത്ത പോക്ക് ഈ രാജ്യമിന്നെവിടേക്ക്
ലോകത്തിൻ മുന്നിലിന്ന് നാണംകെട്ടുള്ള നിൽപ് കാണുന്നോർക്കുണ്ട് വെറുപ്പ്
(മുത്തായ...)

പരദേശികൾക്ക് നാട്ടിൽ പൗരത്വം കിട്ടുവാനായ് നെറികെട്ട നിയമമുണ്ടാക്കി
മുസൽമാനെ മാറ്റിനിർത്തി മനസിന്റെയുള്ളിലുള്ള വിഷപ്പാമ്പ് പത്തിവിടർത്തി
ഗീബൽസിൻ തന്ത്രവുമായ് നുണകൾതൻ കോട്ടകെട്ടി സത്യത്തെ കൊഞ്ഞനം കുത്തി
ഗോൾവാൾക്കർ കണ്ട സ്വപ്നം യാഥാർഥ്യമാക്കുവാനായ് ഇന്നവർ മുണ്ട് മുറുക്കി
(മുത്തായ...)

മുതലാളിമാർക്ക് വേണ്ടി ഭരണം നടത്തിടുന്നു നാട്ടാർക്ക് ദുരിതമേകുന്നു
മതജാതി വേർതിരിവ് കാണിച്ച് തലതിരിഞ്ഞ നിയമങ്ങൾ വാർത്ത് വിടുന്നു
സ്വാതന്ത്ര്യം നേടുക നാം നെറികെട്ട ഭരണകൂടം പരിധികളൊക്കെ കടന്നു
സമരത്തിൻ പാതയിൽ നാം ഒന്നിച്ച് നീങ്ങിടുക ഐക്യത്തിൻ നാദമുയർന്നു
(മുത്തായ...)

WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437

# വിപണിയിൽ...




## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 1. പ്രകാശം പരത്തിയ പ്രവാചകന്മാർ, ഭാഗം: 2 | ഹുസൈൻ സലഫി / ₹ 120 |
| 2. സംസ്കാരം, സമൂഹം, സദാചാരം: സമകാലിക വായന | സുഫ്‌യാൻ അബ്ദുസ്സലാം / ₹ 180 |
| 3. ദേശം, ദേശീയത, വിശ്വാസം: മുസ്‌ലിമിന് പറയാനുള്ളത് | പി. വി. എ പ്രിംറോസ് / ₹ 90 |
| 4. വാടാമലരുകൾ (കുട്ടിക്കവിതകൾ) | ഉസ്മാൻ പാലക്കാഴി / ₹ 80 |
| 5. പൂമരത്തണൽ (ഗുണപാഠ കഥകൾ) | റാഷിദ ബിൻത് ഉസ്മാൻ / ₹ 100 |
| 6. തേൻതുള്ളികൾ (സാരോപദേശ കഥകൾ) | ഉസ്മാൻ പാലക്കാഴി / ₹ 100 |

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 FEBRUARY 08

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

## Economics

Despite recent dramatic improvements, one of humanity's most urgent issues is the reduction of global poverty, in all its forms. More than 700 million people still subsist on extremely low incomes. The research conducted by Abhijit Banerjee, Esther Duflo & Michael Kremer has considerably improved the ability to fight global poverty. In just two decades, their new experiment-based approach has transformed development economics, which is now a flourishing field of research.

## Medicine

The fundamental importance of oxygen has been understood for centuries, but how cells adapt to changes in oxygen levels has long been unknown. This year's Nobel Prize awarded work reveals the molecular mechanisms that underlie how cells adapt to variations in oxygen supply, a statement from the Nobel Assembly at Sweden's Karolinska Institute said

## Engineering

There is nothing I believe more strongly than getting young people interested in science and engineering, for a better tomorrow, for all humankind." – Bill Nye (science educator, former mechanical engineer)

## Education

The function of education is to teach one to think intensively and to think critically. Intelligence plus character - that is the goal of true education.
– Martin Luther King, Jr.

# PROFESSIONAL STUDENTS GLOBAL CONFERENCE 24

## Research

No research is ever quite complete. It is the glory of a good bit of work that it opens the way for something still better, and this repeatedly leads to its own eclipse
– MervinGordon

## Management

Corporate culture matters. How management chooses to treat its people impacts everything - for better or for worse.
– Simon Sinek

## Physics

The Nobel Prize in Physics 2019 was awarded "for contributions to our understanding of the evolution of the universe and Earth's place in the cosmos" with one half to James Peebles "for theoretical discoveries in physical cosmology", the other half jointly to Michel Mayor and Didier Queloz "for the discovery of an exoplanet orbiting a solar-type star.

## Chemistry

Lithium-ion batteries have revolutionised the world of technology. The batteries power everyday products such as smartphones, laptops and even electric vehicles. The 2019 Nobel Prize in Chemistry has been awarded to John B. Goodenough, M. Stanley Whittingham and Akira Yoshino "for the development of lithium-ion batteries"

## Environment

Although Nature needs thousands or millions of years to create a new species, man needs only a few dozen years to destroy one

**TO THE RIGHT GOAL, THROUGH THE RIGHT PATH**

24th WISDOM

# PROFCON

PROFESSIONAL STUDENTS GLOBAL CONFERENCE

**2020 MARCH 13 14 15 KOLLAM**

peaceradio Tune to reality | WISDOM ISLAMIC STUDENTS ORGANIZATION

CV Complex
PV Sami Road, Kozhikode
8156812292

www.profcon.in
wisdomstudents
wisdomglobaltv